15
2025
ഒക്ടോബർ
ബുധൻ
കന്നി 29

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 260 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-260 | പേജ് 4. വില 2.00 രൂപ

02 സ്വർണക്കുതിപ്പ്; 94,000 പിന്നിട്ട് പവൻ
03 പോത്തുണ്ടി സജിത കൊലക്കേസ്: ചെന്താമര കുറ്റക്കാരൻ, ശിക്ഷ വ്യാഴാഴ്ച
04 എസ്.എം.ടി.എഫിന്റെ കലാസാഹിത്യ സമിതി'സംസ്കാര'ക്കു തുടക്കം കുറിച്ചു

# മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നൽകും : മന്ത്രി

തിരുവനന്തപുരം: മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മത്സ്യത്തൊഴിലാളികളും അനുബന്ധതൊഴിലാളികളും ക്ഷേമനിധിയിൽ അടച്ച അംശാദായവും അനുയോജ്യമായ സർക്കാർ വിഹിതവും ചേർത്താണ് വിരമിക്കൽ ആനുകൂല്യം നൽകുക.

നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ച 62000 അംഗങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ക്ഷേമപെൻഷൻ വാങ്ങുന്ന 5000 പേർക്കും ഉൾപ്പടെ 67000 പേർക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. അടച്ച സംഖ്യ തിരിച്ചു നൽകുന്നതിന് വേണ്ടിയുള്ള 12.15 കോടി രൂപ അനുവദിക്കണമെന്ന ക്ഷേമനിധി ബോർഡിന്റെ ആവശ്യം അംഗീകരിച്ച് 2 കോടി രൂപ ആദ്യഘട്ടമായി സർക്കാർ അനുവദിച്ചു. ബാക്കി ഘട്ടം ഘട്ടമായി അനുവദിച്ച് റിട്ടയർമെൻറ് ബെനിഫിറ്റ് സ്കീം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി അറിയിച്ചു.

ഒരു തവണയെങ്കിലും അംശദായം അടച്ച അംഗത്തിന് ഏറ്റവും കുറഞ്ഞത് 1000 രൂപയുടെ ആനുകൂല്യം ലഭിക്കും. വിരമിക്കൽ ആനുകൂല്യത്തിന് അർഹരായ അംഗങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടി ഒക്ടോബർ 30 നുള്ളിൽ പൂർത്തിയാക്കും. 2026 ജനുവരി 26 ന് സേവനത്തിന്റെ 40 വർഷം പൂർത്തീകരിക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചരിത്രപരമായ തീരുമാനമാണിത്. റിട്ടയർമെൻറ് ബെനിഫിറ്റ് സ്കീം നടപ്പിലാക്കണമെന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ ദീർഘകാല ആവശ്യം സർക്കാർ നടപ്പിലാക്കുകയാണെന്നും മത്സ്യത്തൊഴിലാളി മേഖലയിൽ വലിയ ആശ്വാസം പകരുന്ന തീരുമാനമാണിതെന്നും മന്ത്രി പറഞ്ഞു.

പീലിംഗ് തൊഴിലാളികളായ സ്ത്രീകൾക്ക് ചികിത്സാ സഹായം അനുബന്ധ തൊഴിലാളികളിലെ പ്രധാന വിഭാഗമായ പീലിംഗ് തൊഴിലാളികളിൽപ്പെടുന്ന സ്ത്രീകൾക്ക് തൊഴിലിന്റെ ഭാഗമായി ഉണ്ടാകുന്ന സവിശേഷ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചികിത്സാ സഹായത്തിനായി സർക്കാർ പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

പ്രധാനമായും കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകൾ കേന്ദ്രീകരിച്ചാണ് ഈ മേഖലയിലെ കൂടുതൽ തൊഴിലാളികളും ജോലി ചെയ്യുന്നത്. ഇതിൽ 99 ശതമാനവും സ്ത്രീകളാണ്. തൊഴിലിന്റെ ഭാഗമായി ഇവർക്ക് ഉണ്ടാകുന്ന പ്രത്യേക ആരോഗ്യ പ്രശ്നങ്ങൾ നിലവിലുള്ള ക്ഷേമ പദ്ധതികളിലൂടെ പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്നതല്ല.

ഇവർക്ക് ഉണ്ടാകുന്ന രോഗങ്ങളുടെ ചികിത്സാ ചെലവ് നിർവഹിക്കുന്നതിനായി 1.5 കോടി രൂപയുടെ സമഗ്ര പദ്ധതി നടപ്പിലാക്കണമെന്ന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആവശ്യം പരിഗണിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ആദ്യഘട്ടമായി തിരുവല്ല ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജുമായി സഹകരിച്ച് ആലപ്പുഴ ജില്ലയിലെ അരൂരിൽ പീലിംഗ് തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. അടുത്ത മെഡിക്കൽ ക്യാമ്പ് ഒക്ടോബർ 25ന് അമ്പലപ്പുഴയിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു.

## കുപ്‌വാരയിൽ നുഴഞ്ഞുകയറ്റ ശ്രമം പരാജയപ്പെടുത്തി സൈന്യം; രണ്ട് ഭീകരരെ വധിച്ചു

ശ്രീനഗർ: ജമ്മു കാഷ്മീരിലെ കുപ്വാരയിൽ സൈന്യവും നുഴഞ്ഞുകയറാൻ ശ്രമിച്ച ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ. രണ്ടു ഭീകരർ കൊല്ലപ്പെട്ടു. തിങ്കളാഴ്ച രാത്രി വൈകിയാണ് ഏറ്റുമുട്ടൽ നടന്നത്. കുപ്വാരയിലെ മച്ചിൽ, ദുദ്നിയാൽ സെക്ടറുകളിലായി നിയന്ത്രണരേഖ വഴി കശ്മീരിലേക്ക് നുഴഞ്ഞുകയറാനുള്ള ഭീകരവാദികളുടെ ശ്രമമാണ് സുരക്ഷാസേന പരാജയപ്പെടുത്തിയത്.മച്ചിൽ നിയന്ത്രണ രേഖയ്ക്ക് സമീപം സംശയാസ്പദമായ നീക്കം സൈന്യത്തിന്റെ ശ്രദ്ധയിൽപ്പെടുകയായിരുന്നു. ഇതിനു പിന്നാലെയാണ് വെടിവയ്പ്പുണ്ടായത്. പ്രദേശത്ത് സൈനിക നടപടി തുടരുകയാണ്. കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതേയുള്ളൂവെന്ന് എഎൻഐ റിപ്പോർട്ട് ചെയ്തു.രാജൗരി ജില്ലയിലെ ബീരൻതുബ് മേഖലയിൽ ജമ്മു കാഷ്മീർ പോലീസിന്റെ സ്പെഷൽ ഓപ്പറേഷൻസ് ഗ്രൂപ്പും (എസ്ഒജി) ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ നടന്നതിന് പിന്നാലെയാണ് പുതിയ സംഭവം.അതേസമയം, മറ്റൊരു സംഭവത്തിൽ ദുദ്നിയാൽ സെക്ടറിൽ നിരവധി സ്ഫോടനങ്ങൾ റിപ്പോർട്ട് ചെയ്തു. സൈനിക നടപടികൾ ഇപ്പോഴും തുടരുകയാണ്.

## ബിഹാർ തെരഞ്ഞെടുപ്പ്; മഹാസഖ്യത്തിൽ സീറ്റ് വിഭജനം ധാരണയായി

പറ്റ്ന: ബിഹാർ നിയമസഭ തെരഞ്ഞെടുപ്പിൽ സീറ്റ് വിഭജനത്തെ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ മഹാസഖ്യം ധാരണയിലെത്തിയതായി സൂചന. ദിവസങ്ങൾ നീണ്ട അനശ്ചിതത്വങ്ങൾക്കൊടുവിലാണ് ധാരണയിലെത്തിയതായി റിപ്പോർട്ടുകൾ പുറത്തുവരുന്നത്.

ലാലു പ്രസാദ് യാദവിന്റെ ആർജെഡിയും കോൺഗ്രസും വിട്ടുവീഴ്ചകൾക്ക് തയാറായതോടെയാണ് സീറ്റുകൾ സംബന്ധിച്ച് ധാരണയായത്. ആർജെഡി 135 സീറ്റുകളിലും കോൺഗ്രസ് 61 സീറ്റിലും മത്സരിക്കുമെന്നാണ് റിപ്പോർട്ടുകൾ.

നേരത്തെ ആർജെഡി 144 സീറ്റുകൾക്കായി വാദിച്ചിരുന്നു. 70 സീറ്റുകൾ വേണമെന്ന് കോൺഗ്രസും ആവശ്യപ്പെട്ടതോടെയാണ് സീറ്റ് വിഭജനം തർക്കത്തിലായത്.

## ശബരിമലയിൽ നിന്ന് നഷ്ടമായ സ്വർണം തിരികെ പിടിക്കണം; സർക്കാരിനോട് ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ്

തിരുവനന്തപുരം: ശബരിമലയിൽ നിന്ന് നഷ്ടമായ സ്വർണം തിരികെ പിടിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ്. ഹൈക്കോടതിയുടെ അന്വേഷണത്തിൽ പൂർണ വിശ്വാസമാണെന്നും കോടതിയെ വിശ്വസിക്കാത്തവരാണ് സിബിഐ അന്വേഷണം ആവശ്യപ്പെടുന്നതെന്നും ദേവസ്വം ബോർഡ് കൂട്ടിച്ചേർത്തു.

ഉണ്ണികൃഷ്ണൻ പോറ്റിയുടെ ആരോപണം ഗൂഢാലോചനയുടെ ഭാഗമാണ്. കുറ്റം ചെയ്തവർ ആരായാലും ശിക്ഷിക്കപ്പെടണമെന്നും പുകമറ സൃഷ്ടിച്ച് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളെ തകർക്കാനുള്ള ശ്രമം അപലപനീയമാണെന്നും ദേവസ്വം ബോർഡ് കൂട്ടിച്ചേർത്തു.

ശബരിമല മാസ്റ്റർ പ്ലാൻ യാഥാർഥ്യമാക്കാൻ ആഗോള അയ്യപ്പ സംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊണ്ട് തുടർ നടപടികളുമായി ദേവസ്വം ബോർഡും കേരള സർക്കാരും മുന്നോട്ട് പോകുന്നതിനിടെയാണ് നിലവിലെ വിവാദങ്ങൾ ഉയർന്നുവന്നത്.

ദ്വാരപാലക പീഠം കാണാനില്ല എന്ന വ്യാജ ആരോപണവുമായി ആഗോള അയ്യപ്പ സംഗമത്തിന് ദിവസങ്ങൾക്ക് മുമ്പ് ഉണ്ണികൃഷ്ണൻ പോറ്റി രംഗത്ത് വന്നത് കൃത്യമായ ഗൂഢാലോചനയുടെ ഭാഗമായാണ്. തുടർന്ന് നടന്ന അന്വേഷണത്തിൽ ഉണ്ണികൃഷ്ണൻ പോറ്റിയുടെ സഹോദരിയുടെ വീട്ടിൽ നിന്ന് തന്നെ ദ്വാരപാലക പീഠങ്ങൾ ദേവസ്വം വിജിലൻസ് കണ്ടെത്തി.

ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളിലെ സ്വർണ്ണപാളി, ശ്രീകോവിലിന്റെ കട്ടള എന്നിവയുമായി ബന്ധപ്പെട്ട ദേവസ്വം വിജിലൻസിന്റെ കണ്ടെത്തലുകൾ ഗൗരവമുള്ളതാണ്. ഇത് ഗൗരവമുള്ളതും വിട്ടുവീഴ്ചയില്ലാത്തതുമായ നിയമ നടപടികൾക്ക് വിധേയമാക്കേണ്ടതും നഷ്ടപ്പെട്ടുപോയ സ്വർണ്ണം കണ്ടെത്തി തിരിച്ചു പിടിക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണങ്ങളേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വാഗതം ചെയ്യുന്നു. ദേവസ്വം ബോർഡ് വിജിലൻസ് ആണ് പ്രാഥമിക അന്വേഷണം നടത്തി ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ശക്തമായ അന്വേഷണം നടത്തി വരികയാണ്.

## ശബരിമല സ്വർണക്കൊള്ള: അസിസ്റ്റൻറ് എൻജിനീയർ സുനിൽ കുമാറിനെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ വീണ്ടും നടപടിയുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ്. ശബരിമലയിലെ അസിസ്റ്റൻറ് എൻജിനീയർ സുനിൽ കുമാറിനെ സസ്പെൻഡ് ചെയ്തു. മറ്റൊരു ഉദ്യോഗസ്ഥനായ മുരാരി ബാബുവിനെതിരെ നേരത്തെ നടപടിയെടുത്തിരുന്നു. ശബരിമല സ്വർണപ്പാളി വിവാദത്തിൽ കൂടുതൽ നടപടിയുണ്ടാകുമെന്നും അന്തിമ റിപ്പോർട്ട് കിട്ടിയ ശേഷം ഉചിതമായ തീരുമാനമെടുക്കുമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത് അറിയിച്ചിരുന്നു. 2019ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിനെ സസ്പെൻഡ് ചെയ്തിരുന്നു.

## വിസ്മയാസ് മാക്സിന്റെ 'അകനാനൂറിന് പാട്ടൊരുക്കാൻ 'ജോൺ വാൻനെസ്റ്റ്'




വിഖ്യാത സൗണ്ട് എഞ്ചിനീയർ 'ജോൺ വാൻ നെസ്റ്റ് ' 'അകനാനൂറിലെ' പാട്ടുകൾ മിക്സ് ചെയ്യുന്നു.

ത്രില്ലർ, ഗോസ്റ്റ്, ഹിസ്റ്ററി എന്നീ മൈക്കൽ ജാക്സൺ ആൽബങ്ങളുടെ സൗണ്ട് എൻജിനീയർ വിഖ്യാതനായ 'ജോൺ എം വാൻ നെസ്റ്റ്' വിസ്മയാസ് മാക്സ് ആനിമേഷൻ സ് ഒരുക്കുന്ന അകനാനൂറിലെ പാട്ടുകളുടെ ശബ്ദ മിശ്രണത്തിനായുള്ള കരാറിൽ ഏർപ്പെട്ടു.

പ്രസിദ്ധ ഗ്രാമി കോ ഓർഡിനേറ്ററായ 'എഡി വെൻറിക്ക്' ആണ് കോ ഓർഡിനേറ്റർ. ശ്രീ അലക്സ് ബോയെ, ലാറി റോബിൻസൺ, അസൽ മാലെ സാദെഹ് മുതലായ വിദേശ പ്രതിഭകൾ ഇതിനുമുൻപ് അകനാനൂറിലെ ഗാനങ്ങൾക്ക് വേണ്ടി പ്രതിഭ തെളിയിച്ചിരുന്നു. ആനിമേഷൻ രംഗത്തെ ഇന്ത്യയിലെ അതുല്യപ്രതിഭയായ കെ ഡി ഷൈബുമുണ്ടക്കലിന്റെ പ്രഥമ ചലച്ചിത്ര സംവിധാന സംരഭമാണ് അകനാനൂറ്. പുരാണവും ചരിത്രവും വർത്തമാന ജീവിതദശാസന്ധികളുമായി കൂട്ടിയിണക്കുന്ന അകനാനൂറിന്റെ തിരക്കഥയും ഗാനരചനയും കെ. ഡി ഷൈബുമുണ്ടക്കൽ തന്നെയാണ് നിർവഹിക്കുന്നത്.

## യൂത്ത് കോൺഗ്രസ് ദേശീയ സെക്രട്ടറിയാകാനില്ലെന്ന് അബിൻ വർക്കി

കോഴിക്കോട്: യൂത്ത് കോൺഗ്രസ് ദേശീയ സെക്രട്ടറി സ്ഥാനം ഏറ്റെടുക്കാനില്ലെന്ന് സൂചിപ്പിച്ച് അബിൻ വർക്കി. കേരളത്തിൽ തുടരാൻ അവസരം നൽകണമെന്ന് നേതാക്കളോട് അഭ്യർഥിക്കുകയാണെന്നും പാർട്ടി തീരുമാനം തെറ്റാണെന്ന് താൻ പറയില്ലെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ പ്രവർത്തനം തുടരണമെന്നാണ് ആഗ്രഹം. കോൺഗ്രസ് വികാരം മാത്രമാണ് ഉള്ളത്. ആ അഡ്രസ് മാത്രമാണ് ഉള്ളത്. രാഹുൽ ഗാന്ധിയോട് കടപ്പെട്ടിരിക്കുന്നു. കോൺഗ്രസ് എന്ന ടാഗ് വന്നാലേ താൻ ഉള്ളൂ. അതിനെ കളങ്കപ്പെടുത്തുന്ന ഒന്നും ഉണ്ടാകില്ലെന്നും അബിൻ വർക്കി പറഞ്ഞു.

പാർട്ടി തീരുമാനത്തെ മറിച്ചു പറയില്ല. സ്ഥാനമാനമല്ല പ്രധാനം. തന്നെ വെട്ടി തുണ്ടമാക്കിയാലും പാർട്ടി തന്നെയാണ് വലുത്. വെല്ലു വിളിക്കാൻ ഇല്ല. അഭ്യർഥന മുന്നോട്ടു വയ്ക്കുകയാണ്.

## എംഡിഎംഎയുമായി അഭിഭാഷകയും മകനും പിടിയിൽ

ആലപ്പുഴ: അഭിഭാഷകയും മകനും എംഡിഎംഎയുമായി പിടിയിൽ. അമ്പലപ്പുഴ കരൂർ കൗസല്യ നിവാസിൽ സൗരവ് ജിത്ത് (18), സത്യമോൾ (46) എന്നിവരാണ് പിടിയിലായത്. സത്യമോൾ കരുനാഗപ്പള്ളി ഫാമിലി കോടതിയിൽ അഭിഭാഷകയാണ്.

പറവൂരിലെ ഹോട്ടലിന് മുന്നിൽ നിന്ന് മൂന്ന് ഗ്രാം എംഡിഎംഎയുമായാണ് ഇരുവരും പിടിയിലായത്. മാസത്തിൽ പലതവണ എറണാകുളം ഭാഗത്ത് പോയി ലഹരിവസ്തുക്കൾ വാങ്ങി നാട്ടിലെത്തിച്ച് അമിത ലാഭമുണ്ടാക്കി ആഡംബര ജീവിതം നയിക്കുകയായിരുന്നു ഇവർ.

അമ്മയും മകനും ഒന്നിച്ചാണ് പലപ്പോഴും മയക്കുമരുന്ന് വാങ്ങാൻ പോയിരുന്നത്.

## അബിൻ വർക്കിയുടെ ആവശ്യം തള്ളി സണ്ണി ജോസഫ്

തിരുവനന്തപുരം: കേരളത്തിൽ പ്രവർത്തിക്കണമെന്ന അബിൻ വർക്കിയുടെ ആവശ്യം തള്ളി കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. അബിന് കേരളത്തിൽ ഇരുന്ന് ദേശീയ തലത്തിൽ പ്രവർത്തിക്കാമല്ലോ എന്ന് അദ്ദേഹം പറഞ്ഞു.

കെ.സി. വേണുഗോപാൽ കേരളത്തിലുമുണ്ട് ദേശീയ നേതൃത്വത്തിലുമുണ്ട്. കേരളത്തിൽ ഇരുന്ന് രാജ്യം മുഴുവൻ പ്രവർത്തിക്കാം. അതിന് എന്താ കുഴപ്പം കേരളത്തിൽ നിൽക്കട്ടെ എന്നും സണ്ണി ജോസഫ് മാധ്യമങ്ങളോട് പ്രതികരിച്ചു.

അബിൻ വർക്കിയെ യൂത്ത് കോൺഗ്രസ് ദേശീയ സെക്രട്ടറിയായി തിങ്കളാഴ്ചയാണ് തീരുമാനിച്ചത്. അബിൻ യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷനാകുമെന്നായിരുന്നു ഒരു വിഭാഗത്തിന്റെ പ്രതീക്ഷ. ഇതിനു പിന്നാലെ കേരളത്തിൽ തുടരാൻ അവസരം നൽകണമെന്നും വൈസ് പ്രസിഡൻറ് ആയി തുടരാൻ അനുവദിക്കണമെന്നും നേതൃത്വത്തോട് അഭ്യർഥിക്കുമെന്ന് അബിൻ വർക്കി മാധ്യമങ്ങളോടു പ്രതികരിച്ചിരുന്നു



# 2031ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമാക്കുകയാണ് ലക്ഷ്യം: മന്ത്രി വീണാ ജോർജ്

***കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കും**
***കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുക ലക്ഷ്യം**
***വിഷൻ 2031– ആരോഗ്യ സെമിനാർ: 'കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031' നയരേഖ മന്ത്രി വീണാ ജോർജ് അവതരിപ്പിച്ചു**

2031ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്പെഷ്യാലിറ്റി ചികിത്സകൾ വികേന്ദ്രീകരിക്കും. അടിസ്ഥാന സൗകര്യ വികസനം കൂടുതൽ മെച്ചപ്പെടുത്തും. ട്രോമാ കെയർ, എമർജൻസി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. ആരോഗ്യ സേവനങ്ങളിൽ തുല്യത ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031– ആരോഗ്യ സെമിനാറിൽ 'കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031' നയരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി വീണാ ജോർജ്.

വിവിധ സ്കീമുകളെ ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി വഴി 42.2 ലക്ഷം കുടുംബങ്ങൾക്ക് പരിരക്ഷ നൽകുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയും നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപയാണ് ഒരു കുടുംബത്തിന് ചികിത്സ നൽകുന്നത്. കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കാനും ലക്ഷ്യമിടുന്നു.

രോഗാതുരത കുറയ്ക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി ഹെൽത്തി ലൈഫ് ക്യാമ്പയിൻ നടപ്പിലാക്കുന്നു. ആയുഷ് വകുപ്പിന് കീഴിൽ 10,000 യോഗ ക്ലബ്ബുകൾ ആവിഷ്ക്കരിച്ചു. സ്കൂൾ ഹെൽത്ത് പദ്ധതി നടപ്പിലാക്കും. മാനസികാരോഗ്യം ഉറപ്പാക്കാനായി സംവിധാനങ്ങൾ മെച്ചപ്പെടുത്തും. ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി ആർദ്രം ജനകീയ ക്യാമ്പയിൻ ആവിഷ്ക്കരിച്ചു. 30 വയസിന് മുകളിലുള്ളവർക്ക് വീട്ടിലെത്തി ജീവിതശൈലീ രോഗ സ്ക്രീനിംഗ് നടത്തി ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കി. കാൻസർ പ്രതിരോധത്തിനായി ആരോഗ്യം ആനന്ദം അകറ്റാം അർബുദം ജനകീയ ക്യാമ്പയിൻ ആവിഷ്കരിച്ചു. ഇതുവരെ 20 ലക്ഷത്തിലധികം പേരെ സ്ക്രീനിംഗ് നടത്തി. അത്യാധുനിക കാൻസർ ചികിത്സാ സംവിധാനങ്ങൾ നടപ്പിലാക്കി.പകർച്ചവ്യാധി പ്രതിരോധത്തിന് വളരെ പ്രാധാന്യം നൽകുന്നു. ആരോഗ്യ മേഖല പുതിയ വെല്ലുവിളികളാണ് നേരിടുന്നത്. വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ, അമീബിക് മെനിഞ്ചോഎൻസെഫലൈറ്റിസ് തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കുകയും പ്രധാനമാണ്. ഈ ലക്ഷ്യം മുൻനിർത്തി എപ്പിഡമിക് ഇന്റലിജൻസ് സംവിധാനം വികസിപ്പിക്കും. പ്രാദേശിക അടിസ്ഥാനത്തിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കി പ്രതിരോധം ശക്തിപ്പെടുത്തുന്നു.മെഡിക്കൽ കോളേജുകളെ പൂർണമായും ടെർഷ്യറി കെയറുകളാക്കും. ചികിത്സാ മേഖലയിലെന്ന പോലെ അക്കാദമിക് രംഗത്തും മുന്നേറ്റം നടത്തും. ആയുർവേദ രംഗത്ത് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം വലിയ മുന്നേറ്റമുണ്ടാക്കും.

കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം. അതിനായുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. എഎംആർ പ്രതിരോധത്തിൽ രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആരോഗ്യ രംഗത്തെ സംബന്ധിച്ച് ശാസ്ത്രീയമല്ലാത്ത തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കരുതെന്നും മന്ത്രി അഭ്യർത്ഥിച്ചു.

'ആരോഗ്യ രംഗത്തെ കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ' ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ അവതരിപ്പിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ഡോ. പി.കെ. ജമീല, എസ്.എച്ച്.എ. എക്സി. ഡയറക്ടർ ഡോ. അരുൺ എസ്. നായർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹം, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഷീബ ജോർജ്, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. സജിത് ബാബു, ഔഷധി ചെയർപേഴ്സൺ ശോഭനാ ജോർജ്, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ കെ.എസ്. പ്രിയ, ആയുർവേദ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.പി. ബീന, ഹോമിയോപ്പതി പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ഡ്രഗ്സ് കൺട്രോളർ ഡോ. സുജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# വിഷൻ 2031 നവകേരള സൃഷ്ടിയും ന്യൂനപക്ഷക്ഷേമവും: ഏകദിനസെമിനാറും ന്യൂനപക്ഷ പദ്ധതികളുടെ ഉദ്ഘാടനവും 16 ന് ഫോർട്ട് കൊച്ചിയിൽ

സംസ്ഥാന സർക്കാരിന്റെ വിഷൻ 2031 ന്റെ ഭാഗമായി ന്യൂനപക്ഷക്ഷേമ വകുപ്പ് ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യാനും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ, അവകാശങ്ങൾ വിദ്യാഭ്യാസവും തൊഴിലും സാമൂഹിക സാമ്പത്തിക സുരക്ഷയും തുടങ്ങിയവ സംബന്ധിച്ച് ചർച്ച നടത്തി 2031 ഓടെ കേരളം എങ്ങിനെ ആയിരിക്കണം എന്നത് സംബന്ധിച്ച് നയരേഖ തയ്യാറാക്കുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഏകദിന സെമിനാർ സംഘടിപ്പിക്കുന്നു.

നവകേരള സൃഷ്ടിക്കായി നവദിശാബോധം നൽകാൻ സംസ്ഥാ സർക്കാർ ആരംഭിച്ച വിഷൻ 2031 പദ്ധതിയുടെ ഭാഗമായ സെമിനാറിൽ ഭരണഘടനയും ന്യൂനപക്ഷ അവകാശ സംരക്ഷണവും, നവകേരള സൃഷ്ടിയും ന്യൂനപക്ഷ ക്ഷേമവും, സൂക്ഷ്മ ന്യൂനപക്ഷങ്ങൾ – പ്രശ്നങ്ങളും പരിഹാരങ്ങളും എന്നീ വിഷയങ്ങൾ ചർച്ച ചെയ്യും.

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന മാർഗ്ഗദീപം സ്കോളർഷിപ്പ് വിതരണ ഉദ്ഘാടനവും ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് പദ്ധതിയുടെ പ്രഖ്യാപനവും ചടങ്ങിൽ നടക്കും. ഒക്ടോബർ 16ന് ഫോർട്ട് കൊച്ചിയിലെ വെളി ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ ഓഡിറ്റോറിയത്തിൽ ആണ് പരിപാടി. 16ന് രാവിലെ 10ന് ന്യൂനപക്ഷക്ഷേമ– കായിക വകുപ്പ് മന്ത്രി വി.അബ്ദുറഹിമാൻ സെമിനാർ ഉദ്ഘാടനം ചെയ്യും. മന്ത്രിയുടെ നയരേഖ പ്രഖ്യാപനത്തെ തുടർന്ന് ജല വിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ "ഭരണഘടനയും ന്യൂനപക്ഷ അവകാശ സംരക്ഷണവും" എന്ന വിഷയത്തിലെ സെഷൻ ഉദ്ഘാടനം ചെയ്യും. എം.എൽ.എ കെ.ജെ. മാക്സി അധ്യക്ഷനാകും. ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ സബിൻ സമീദ് സ്വാഗതം ആശംസിക്കും. എം.പി. ഹൈബി ഈഡൻ, മേയർ അഡ്വക്കേറ്റ്.എം.അനിൽകുമാർ, വിവിധ മത നേതാക്കൾ എന്നിവർ സംസാരിക്കും. വിവിധകലാപരിപാടികളോടെ ഏകദിന സെമിനാർ അവസാനിക്കും.

# മാളയിൽ റിട്ട. അധ്യാപികയെ ആക്രമിച്ച് സ്വർണമാല കേസ്; കൂട്ടുപ്രതിയായ യുവതിയും അറസ്റ്റിൽ

തൃശൂർ: മാളയിൽ റിട്ട. അധ്യാപികയെ ആക്രമിച്ച് സ്വർണമാല കവർന്ന കേസിൽ കൂട്ടുപ്രതിയായ യുവതിയും അറസ്റ്റിൽ. പട്ടേപാടം സ്വദേശിനി തരുപടികയിൽ ഫാത്തിമ തസ്നി (19) ആണ് അറസ്റ്റിലായത്.

മാള പോലീസാണ് ഇവരെ ഫാത്തിമയെ അറസ്റ്റ് ചെയ്തത്. മാള പുത്തൻചിറ കൊല്ലംപറമ്പിൽ വീട്ടിൽ ജയശ്രീ (77) യുടെ വീട്ടിലേക്ക് അതിക്രമിച്ച് കയറി സ്വർണമാല കവർച്ച ചെയ്ത സംഭവത്തിലെ കൂട്ടുപ്രതിയാണ് ഇവരെന്ന് പോലീസ് പറഞ്ഞു.

സെപ്റ്റംബർ ഒൻപതിന് രാത്രിയാണ് ഈ കേസിലെ മുഖ്യ പ്രതി പുത്തൻചിറ സ്വദേശി ചോമാട്ടിൽ വീട്ടിൽ മകൻ ആദിത്ത് (20) ജയശ്രീയുടെ വീട്ടിലെ അടുക്കളയിലേക്ക് അതിക്രമിച്ച് കയറി ജയശ്രീ ടീച്ചറുടെ വായും മൂക്കും പൊത്തിപിടിച്ച് കഴുത്തിൽ ഉണ്ടായിരുന്ന ആറ് പവൻ തൂക്കം വരുന്ന സ്വർണമാല വലിച്ചു പൊട്ടിച്ചു കൊണ്ടു പോയത്.

കഴിഞ്ഞ ദിവസം ആദിത്തിനെ തൃശൂർ റൂറൽ പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിരുന്നു. ആദിത്തിന്റെ കൂടെ ആറ് മാസമായി താമസിച്ചു വരുന്ന സ്ത്രീയാണ് ഫാത്തിമ തസ്നി. ആദിത്ത് പൊട്ടിച്ചെടുത്ത മാല ഫാത്തിമ തസ്നിയും ആദിത്തും കൂടി കാറിൽ 27 ന് മലപ്പുറം തിരൂരങ്ങാടിയിലെ ജ്വല്ലറിയിൽ മാല നാലര ലക്ഷം രൂപക്ക് വിൽപന നടത്തിയിരുന്നു.

മാല വിറ്റ വകയിൽ ലഭിച്ച പണത്തിൽ നിന്നും അമ്പതിനായിരം രൂപക്ക് ഫാത്തിമ തസ്നി മാളയിലെ ജ്വല്ലറിയിൽ പുതിയ മാല വാങ്ങുകയും കൂടാതെ ഫാത്തിമ തസ്നിയുടെ വിദൂര വിദ്യാഭ്യാസത്തിനായി ഫീസും മോഷ്ടിച്ച പണത്തിൽ നിന്നും നൽകിയിരുന്നതായും അന്വേഷണ സംഘം കണ്ടെത്തി. നടപടി ക്രമങ്ങൾക്കു ശേഷം കോടതിയിൽ ഹാജരാക്കിയ ഫാത്തിമ തസ്നിയെ റിമാൻഡ് ചെയ്തു.

# പൊന്നീച്ച പറത്തി സ്വർണക്കുതിപ്പ്; 94,000 പിന്നിട്ട് പവൻ വില, ഒറ്റയടിക്ക് കൂടിയത് 2,400 രൂപ

കൊച്ചി: സംസ്ഥാനത്ത് ആഭരണപ്രേമികളുടെ കണ്ണിൽ പൊന്നീച്ച പാറിച്ച് വൻകുതിപ്പുമായി സ്വർണം ചരിത്രവിലയിൽ. ഒറ്റയടിക്ക് ഗ്രാമിന് 300 രൂപയും പവന് 2,400 രൂപയുമാണ് കൂടിയത്. ഇതോടെ, പവൻ 94,000 രൂപയെന്ന നാഴികക്കല്ലും പിന്നിട്ടു. ഒരു പവൻ സ്വർണത്തിന് 94,360 രൂപയിലും ഗ്രാമിന് 11,795 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 250 രൂപ കുതിച്ച് 9,700 രൂപയിലെത്തി.

ഈ മാസം തുടക്കത്തിൽ സ്വർണക്കുതിപ്പ് ദൃശ്യമായിരുന്നു. ഒന്നിന് ചരിത്രത്തിലാദ്യമായി 87,000 പിന്നിട്ട സ്വർണവില പിന്നീട് താഴേക്ക് പോകുന്ന കാഴ്ചയാണ് കണ്ടത്. രണ്ടു ദിവസത്തിനിടെ 880 രൂപയുടെ ഇടിവാണുണ്ടായത്. പിന്നാലെ നാലിന് വീണ്ടും 87,000 പിന്നിട്ട സ്വർണം ആറിന് 88,000 രൂപയും ഏഴിന് 89,000 രൂപയും എട്ടിന് 90,000 രൂപയും ഒമ്പതിന് 91,000 രൂപയും കടന്നു. തുടർന്ന് 14ന് ഒറ്റയടിക്ക് 2,400 രൂപ ഉയർന്ന സ്വർണവില 94,000 എന്ന നാഴികക്കല്ല് പിന്നിടുകയായിരുന്നു.

ഈ മാസം ഇതുവരെ മാത്രം കേരളത്തിൽ പവന് 4,920 രൂപയും ഗ്രാമിന് 615 രൂപയും ഉയർന്നു. 2025ൽ ഇതുവരെ പവന് 34,160 രൂപയും ഗ്രാമിന് 4,270 രൂപയുമാണ് കൂടിയത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു.ജൂൺ 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്ര വിലയിലെത്തിയിരുന്നു. പിന്നീട് താഴേക്കുപോയ സ്വർണം ചാഞ്ചാട്ടങ്ങൾക്കൊടുവിൽ വീണ്ടും റിക്കാർഡിലേക്ക് കുതിക്കുകയായിരുന്നു.

ജൂലൈ തുടക്കത്തിൽ 72,160 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഒമ്പതിന് 72,000 രൂപയായി താഴ്ന്ന് ആ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ എത്തി. പിന്നീട് വില ഉയരുന്നതാണ് ദൃശ്യമായത്. രണ്ടാഴ്ചയ്ക്കിടെ ഏകദേശം 1,400 രൂപ വർധിച്ച സ്വർണവില വീണ്ടും 73,000 കടക്കുകയായിരുന്നു.

പിന്നാലെ 22ന് വീണ്ടും 74,000 പിന്നിടുകയും 23ന് 75,000 രൂപ പിന്നിട്ട് പുതിയ ഉയരം കുറിക്കുകയും ചെയ്തു. 23ന് സ്വർണവില പവന് 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമായിരുന്ന സ്വർണവില പിന്നീടുള്ള ദിവസങ്ങളിൽ താഴേക്കുപോകുന്നതാണ് കണ്ടത്.

ഓഗസ്റ്റ് തുടക്കത്തിൽ സ്വർണവില വീണ്ടും കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. എട്ടിന് ഗ്രാമിന് 9,470 രൂപയും പവന് 75,760 രൂപയുമെന്ന റിക്കാർഡ് ഉയരത്തിലെത്തി. പിന്നീട് 12 ദിവസത്തിനിടെ 2,300 രൂപ കുറഞ്ഞ് ഇടിവോടെയാണ് മാസം അവസാനിപ്പിച്ചത്.

സെപ്റ്റംബർ ഒന്നിനാണ് സ്വർണവില 77,000 കടന്നത്. പിന്നീട്, മൂന്നിന് ചരിത്രത്തിലാദ്യമായി 78,000 രൂപ പിന്നിട്ടു. ആറിന് 79,000 കടന്ന സ്വർണവില ഒമ്പതിന് 80,000 രൂപയും പത്തിന് 81,000 രൂപയും 16ന് 82,000 രൂപയും പിന്നിട്ടു. വൻകുതിപ്പ് ദൃശ്യമായ 23ന് രണ്ടുതവണയായി 1,920 രൂപ കൂടിയതോടെ ഒരേ ദിവസം 83,000 രൂപയും 84,000 രൂപയും പിന്നിട്ട് ചരിത്രംകുറിച്ചു. പിന്നീട് ഒരാഴ്ചത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും കുതിച്ച സ്വർണം 29ന് 85,000 രൂപ പിന്നിടുകയും 30ന് 86,000 രൂപയെന്ന പുതിയ ഉയരം കുറിക്കുകയുമായിരുന്നു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തര വില ഔൺസിന് 140ലേറെ ഡോളർ മുന്നേറി വില ചരിത്രത്തിലെ ഏറ്റവും ഉയരമായ 4,163.24 ഡോളറിൽ എത്തി. വില 4,100 ഡോളർ കടന്നതും ഇതാദ്യം. ഇതാണ്, സംസ്ഥാനത്ത് ഇന്ന് വില കത്തിക്കയറാൻ വഴിയൊരുക്കിയത്. ഡോളറിനെതിരെ ഇന്ത്യൻ രൂപ ഇന്നുരാവിലെ ഏഴു പൈസ താഴ്ന്ന് 88.74ൽ എത്തിയതും തിരിച്ചടിയായി.അതേസമയം, വെള്ളിയുടെ വിലയിലും വൻകുതിപ്പാണ്. ഒരു ഗ്രാം 916 ഹാൾമാർക്ക് വെള്ളിക്ക് അഞ്ചുരൂപ ഉയർന്ന് 190 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# മുൻ എംഎൽഎ ബാബു എം.പാലിശേരി അന്തരിച്ചു

തൃശൂർ: സിപിഎം നേതാവും കുന്നംകുളം മുൻ എംഎൽഎയുമായ ബാബു എം. പാലിശേരി (67) അന്തരിച്ചു. പാർക്കിൻസൺസ് അസുഖബാധിതനായി ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം.

ശ്വാസതടസം അനുഭവപ്പെട്ടതിനെ തുടർന്ന് രണ്ടു ദിവസം മുമ്പാണ് ബാബു എം. പാലിശേരിയെ കുന്നംകുളം യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വെൻറിലേറ്ററിന്റെ സഹായത്തോടെ ചികിത്സ തുടരുന്നതിനിടെയാണ് മരണം സ്ഥിരീകരിച്ചത്.

കൊരട്ടിക്കരയിൽ ജനിച്ച അദ്ദേഹം 1980–ൽ ഡിവൈഎഫ്ഐയിലൂടെയാണ് പൊതുരംഗത്തെത്തിയത്. കുന്നംകുളം കടവല്ലൂർ സ്വദേശിയായ അദ്ദേഹം രണ്ടു തവണ കുന്നംകുളം മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

സിപിഎം ജില്ലാ സെക്രട്ടറിയേറ്റംഗം, സിപിഎം കുന്നംകുളം ഏരിയ സെക്രട്ടറി, ഗ്രന്ഥശാലാ സംഘം ജില്ലാ പ്രസിഡൻറ്, സിഐടിയു ജോയിൻറ് സെക്രട്ടറി, കേരള കലാമണ്ഡലം എക്സിക്യൂട്ടീവ് ബോർഡ് അംഗം, ഡിവൈഎഫ്ഐ സംസ്ഥാന നിർവാഹക സമിതി അംഗം, സംസ്ഥാന വൈസ് പ്രസിഡൻറ് എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

# ലോകകപ്പ് യോഗ്യതാ മത്സരം; ജർമനിക്ക് ജയം

ബെൽഫാസ്റ്റ്: 2026 ലെ ഫിഫ ലോകകപ്പിനുള്ള യോഗ്യതാ മത്സരത്തിൽ നോർത്തേൺ അയർലൻഡിനെതിരെ ജർമനിക്ക് ജയം. തിങ്കളാഴ്ച നടന്ന മത്സരത്തിൽ എതിരില്ലാത്ത ഒരു ഗോളിനാണ് ജർമനി വിജയിച്ചത്.

നിക്ക് വോൾട്ടെമെയ്ഡാണ് ജർമനിക്ക് വേണ്ടി ഗോൾ നേടിയത്. 31–ാം മിനിറ്റിലാണ് താരം ഗോൾ കണ്ടെത്തിയത്.വിജയത്തോടെ ജർമനിക്ക് ഒൻപത് പോയിൻറായി. യൂറോപ്പിൽ നിന്നുള്ള ടീമുകളുടെ ലോകകപ്പ് യോഗ്യതാ മത്സരങ്ങൾക്ക് വേണ്ടിയുള്ള ഗ്രൂപ്പ് എയിൽ ഒന്നാം സ്ഥാനത്താണ് ജർമനി.

# കള്ളക്കടൽ, ഉയർന്ന തിരമാല: കേരള തീരത്ത് ജാഗ്രത, മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും കള്ളക്കടൽ മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ബുധനാഴ്ച രാത്രി 11.30 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം (ആലപ്പാട്ട് മുതൽ ഇടവ വരെ) തീരങ്ങളിൽ 1.0 മുതൽ 1.1 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിൽ 1.0 മുതൽ 1.2 മീറ്റർ വരെയും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ട്.കടൽ ക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുള്ള ഘട്ടത്തിൽ കടലിലേക്ക് മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നത് പോലെ തന്നെ അപകടകരമാണ് കരക്കടുപ്പിക്കുന്നതും. ആയതിനാൽ തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ കടലിലേക്ക് ഇറക്കുന്നതും കരക്കടുപ്പിക്കുന്നതും ഒഴിവാക്കേണ്ടതാണ്.മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർണമായി ഒഴിവാക്കേണ്ടതാണ്. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകടസാധ്യത ഒഴിവാക്കാം. മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം.ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കുക. തീരശോഷണത്തിനു സാധ്യതയുള്ളതിനാൽ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം പുറത്തുവിട്ട മുന്നറിയിപ്പിൽ പറയുന്നു.

# പ്രോജക്ട് കോ – ഓർഡിനേറ്റർ

നാഷണൽ ആയുഷ് മിഷൻ കേരള, വയനാട്/ കണ്ണൂർ ജില്ലകളിലെ പ്രോജക്ട് കോ–ഓർഡിനേറ്റർ തസ്തികയിലെ ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 20 നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് : www.nam.kerala.gov.in, 0471-2474550.

# തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഉദ്ഘാടനം 16ന്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഒക്ടോബർ 16 രാവിലെ 10ന് ടാഗോർ തിയേറ്ററിൽ പൊതുവിദ്യാഭ്യാസ തൊഴിൽ നൈപുണ്യ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. അംശദായ കുടിശിക നിവാരണം, ട്രേഡ് യൂണിയൻ പ്രതിനിധികൾക്കുള്ള സോഫ്റ്റ് വെയർ പരിശീലനം, ആനുകൂല്യവിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എന്നിവയും മന്ത്രി നിർവഹിക്കും. ആന്റണി രാജു എം.എൽ.എ അധ്യക്ഷനാകുന്ന ചടങ്ങിൽ തൊഴിൽ നൈപുണ്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷാനവാസ് എസ്., ലേബർ കമ്മീഷണർ സഫ്ന നസുറുദ്ദീൻ, കെൽട്രോൺ മാനേജിങ് ഡയറക്ടർ ശ്രീകുമാർ നായർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർപേഴ്സൺ എലിസബത്ത് അസീസി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രഞ്ജിത്ത് പി. മനോഹർ, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ സംബന്ധിക്കും.

ഓട്ടോമേറ്റഡ് അലർട്ടും അറിയിപ്പുകളും നൽകുന്നതിനും ഡിജിലോക്കർ ഇന്റഗ്രേഷൻ ചെയ്ത് അതുവഴി തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും, ബോർഡിൽ വരുന്ന മാറ്റങ്ങൾ സമയബന്ധിതമായി അറിയിക്കുന്നതിനും, പേയ്മെന്റുകൾ ഡിജിറ്റലായി കൈകാര്യം ചെയ്യുന്നതിനും കഴിയുന്ന രീതിയിലുള്ള മൊബൈൽ ആപ്ലിക്കേഷനാണ് വികസിപ്പിച്ചെടുത്തിരിക്കുന്നത്. കൂടാതെ നിർമ്മിത ബുദ്ധിയിലൂടെ കെൽട്രോൺ സൃഷ്ടിച്ചെടുത്ത ചാറ്റ് ബോട്ടായ 'കെല്ലി' സോഫ്റ്റ്വെയർ ഈ മൊബൈൽ ആപ്പിൽ ഉൾപ്പെടുത്തി ജനങ്ങളുടെ ചോദ്യങ്ങൾക്ക് കൃത്യമായി ഉത്തരം പറയത്തക്ക രീതിയിൽ നിർമ്മിച്ചിട്ടുണ്ട്. കെല്ലി ചാറ്റ് ബോട്ടിന് മലയാളം, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ പ്രതികരിക്കാനാകും. അംഗത്വം, പേയ്മെന്റുകൾ സേവനങ്ങൾ, ആനുകൂല്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കും മറുപടി നൽകും. എ1 സാങ്കേതിക വിദ്യയുടെ സഹായത്തോടെ 3 സ്കീമുകളിൽ ഒരേ സമയം അപേക്ഷ സമർപ്പിക്കാനാകും.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ അർഹതയുള്ള 28 ഗുണഭോക്താക്കൾക്ക് റിട്ടയർമെന്റ് ആനുകൂല്യമായി 7,49,930 രൂപയും, ചികിത്സാ ധനസഹായ ഇനത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് 50,000 രൂപയും, വിവാഹ ധനസഹായമായി 3 ഗുണഭോക്താക്കൾക്ക് 15,000 രൂപയും, മരണാനന്തര ധനസഹായമായി 5 പേർക്ക് 2,32,940 രൂപയും, ക്യാഷ് അവാർഡ്/ സ്കോളർഷിപ്പ് ഇനത്തിൽ 12 ഗുണഭോക്താക്കൾക്ക് 24,000 രൂപയും ചേർത്ത് ആകെ 50 ഗുണഭോക്താക്കൾക്ക് 10,71,870 രൂപയാണ് വിതരണം ചെയ്യുന്നത്.

# ഐഒടി വിപ്ലവത്തിൻെറ നേട്ടങ്ങൾ സ്വന്തമാക്കുന്നതിൽ ടെക്നോപാർക്കിന് വലിയ പങ്ക്- അർമാഡാ. എഐ ഇന്ത്യ ഗവേഷണ വിഭാഗം മേധാവി

തിരുവനന്തപുരം: ലോകമെമ്പാടുമായി 2030-ഓടെ ഏകദേശം 30 ബില്യൺ ഐഒടി (ഇൻറർനെറ്റ് ഓഫ് തിങ്സ്) ഉപകരണങ്ങൾ കണക്റ്റ് ചെയ്യപ്പെടുമെന്ന പ്രവചനത്തിൻറെ പശ്ചാത്തലത്തിലുള്ള നേട്ടങ്ങൾ നേട്ടങ്ങൾ സ്വന്തമാക്കാൻ ടെക്നോപാർക്ക് സ്ഥാനം ഉറപ്പിച്ചിട്ടുണ്ടെന്ന് അർമാഡാ.എഐയുടെ ഇന്ത്യ ഗവേഷണ വിഭാഗം മേധാവി ശരത് ചന്ദ്രൻ പറഞ്ഞു.

വിവരങ്ങളുടെ സ്വർണ്ണ ഖനിയായ ഡാറ്റയെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുന്ന ഐഒടി വിപ്ലവത്തിൽ രാജ്യത്തെ ആദ്യത്തെ ഐടി പാർക്കായ ടെക്നോപാർക്കിന് വലിയ പങ്കുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ടെക്നോപാർക്കിൻറെ ഔദ്യോഗിക വോഡ് കാസ്റ്റ് ആയ 'ആസ്പയർ: സ്റ്റോറീസ് ഓഫ് ഇന്നൊവേഷൻ' എന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐഒടിയുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്ന മികച്ച സാങ്കേതികവിദ്യാ, സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ നിർമ്മിക്കുന്നതിൻറെ പാതയിലാണ് ടെക്നോപാർക്ക്.

എഡ്ജ് എഐയിൽ കൂടുതൽ കണ്ടെത്തലുകൾ നടത്തണമെന്ന് ശരത് ചന്ദ്രൻ യുവ ഡെവലപ്പർമാരോട് ആഹ്വാനം ചെയ്തു. എഡ്ജിൽ ആണ് കൂടുതൽ ഡാറ്റ ഉത്പാദിപ്പിക്കപ്പെടുന്നത്. 'പുതുമകൾ കൊണ്ടുവരാനും സമഗ്രമായ പരിഹാരങ്ങൾ നിർമ്മിക്കാനും വലിയ അവസരങ്ങളുള്ളതിനാൽ എഡ്ജ് ആണ് സാങ്കേതികവിദ്യയുടെ ഭാവിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ടെക്നോപാർക്കിൽ ആദ്യത്തെ ഇന്ത്യൻ ഓഫീസ് തുറന്ന് പത്ത് മാസത്തിനുള്ളിൽ തന്നെ യുഎസ് ആസ്ഥാനമായുള്ള അർമാഡാ.എഐ നൂതന എഐ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലെ പ്രധാന കേന്ദ്രമായി ഇതിനെ മാറ്റി. എഡ്ജ് കമ്പ്യൂട്ടിംഗ്, എഐ എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഈ കമ്പനി ടെക്നോപാർക്ക് ഫേസ്-3-ലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു കഴിഞ്ഞു.

രാജ്യത്തെ ഞങ്ങളുടെ പ്രധാന ഓഫീസായി തിരുവനന്തപുരത്തെ തിരഞ്ഞെടുക്കുന്നതിന് നിരവധി ഘടകങ്ങളുണ്ടെന്ന് ശരത് ചന്ദ്രൻ വ്യക്തമാക്കി. കുറഞ്ഞ ചെലവ്, പ്രതിഭകളുടെ ലഭ്യത, ജീവിത നിലവാരം, പ്രതിഭകളെ നിലനിർത്താനുള്ള കഴിവ് എന്നിവ ഗുണകരമായിരുന്നു. ഇതുകൂടാതെ, അർമാഡയുടെ സാധ്യതകൾ ടെക്നോപാർക്ക് തിരിച്ചറിയുകയും ലോകോത്തര നിലവാരമുള്ള സൗകര്യങ്ങൾ നൽകുകയും ചെയ്തു. സംസ്ഥാനത്തെ ഊർജ്ജസ്വലമായ ഐടി ആവാസവ്യവസ്ഥയിൽ ഏത് തരത്തിലുള്ള പങ്കാളിത്തത്തിനും കമ്പനി തയ്യാറാണെന്ന് അറിയിച്ചു.

സ്റ്റാർലിങ്കുമായും മൈക്രോസോഫ്റ്റുമായും അർമാഡാ.എഐ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്, ഈ സഹകരണം സാങ്കേതിക വിദ്യയുടെ ഏറ്റവും പുതിയ വിവരങ്ങൾ ലഭിക്കുന്നതിനൊപ്പം സഹകരണ ആവാസവ്യവസ്ഥയിലും വിവിധ വിപണികളിലും മികച്ച സ്വാധീനം നേടാൻ സഹായിക്കുന്നു. ഉപഭോക്താക്കൾക്ക് സ്റ്റാർലിങ്ക് കണക്റ്റിവിറ്റി മികച്ച രീതിയിൽ കൈകാര്യം ചെയ്യാനും ഒപ്റ്റിമൈസ് ചെയ്യാനും സഹായിക്കുന്ന സോഫ്റ്റ്വെയർ പ്ലാറ്റ് ഫോം സൃഷ്ടിക്കുന്നതിനാണ് സ്റ്റാർലിങ്കുമായുള്ള പങ്കാളിത്തം ലക്ഷ്യം വയ്ക്കുന്നത്. ലോകത്തിൻറെ വിദൂര ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പരിമിതമായ കണക്റ്റിവിറ്റിയുള്ള കമ്പനികളെ അർമാഡയുടെ എഐ, എഡ്ജ് കമ്പ്യൂട്ടിംഗ് സൊല്യൂഷനുകൾ സഹായിക്കുന്നു. ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുക എന്നതാണ് കമ്പനിയുടെ അടിസ്ഥാനപരമായ ദൗത്യമെന്ന് അദ്ദേഹം പറഞ്ഞു. കമ്പനിയുടെ വളർച്ചയ്ക്ക് അത്യധികം അനുകൂലമായ ഒരന്തരീക്ഷം ടെക്നോപാർക്ക് നൽകുന്നുണ്ട്.

ഗ്രാമീണ വിദ്യാഭ്യാസത്തിലും ആരോഗ്യ സംരക്ഷണത്തിലും എഐയുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് ലോകത്തിലെ മുൻനിര എൻജിഒകളുമായി അർമാഡ പങ്കാളികളാണ്. 'എല്ലാവർക്കും വിദ്യാഭ്യാസം' എന്ന ഞങ്ങളുടെ കാഴ്ചപ്പാടിന് കണക്റ്റിവിറ്റി, കമ്പ്യൂട്ടിംഗ്, എഐ എന്നിവയിലേക്കുള്ള മികച്ച പ്രവേശനം ഗണ്യമായ സംഭാവന നൽകും.

ശക്തമായ കണക്റ്റിവിറ്റിയുടെ പിൻബലത്തോടെ സാങ്കേതികവിദ്യാധിഷ്ഠിതമായ മൊബൈൽ ആശുപത്രികളും ക്ലിനിക്കുകളും വഴി ജീവിതത്തെ വളരെയധികം മെച്ചപ്പെടുത്തുന്നു. ഇതുവഴി ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് അദ്ദേഹം വിശദീകരിച്ചു.

കേരളത്തിൽ നിന്ന് ലോകോത്തര നിലവാരമുള്ള പ്രതിഭകളെ കമ്പനി റിക്രൂട്ട് ചെയ്തിട്ടുണ്ട്, 100 ഗവേഷണ വികസന വിഭാഗത്തിൽ ഏകദേശം 100 ൽപരം എഞ്ചിനീയർമാർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്, നിലവിൽ, യുഎസും മിഡിൽ ഈസ്റ്റുമാണ് അർമാഡയുടെ പ്രധാന വിപണികളെങ്കിലും ഇന്ത്യ ഉൾപ്പെടെയുള്ള വലിയ വിപണിയിലേക്കുള്ള വിപുലീകരണം ഉടൻ ഉണ്ടാകും.

പേപാൽ സ്ഥാപകരായ പീറ്റർ തീൽ, കെൻ ഹൗറി, ലൂക്ക് നോസെക്ക് എന്നിവർ സ്ഥാപിച്ച വെഞ്ചർ ക്യാപിറ്റൽ സ്ഥാപനമായ ഫൗണ്ടേഴ്സ് ഫണ്ടിൻറെ പിന്തുണ അർമാഡയ്ക്കുണ്ട്. ഫേസ്ബുക്ക്, എയർബിഎൻബി, പാലന്തിർ, സ്പേസ് എക്സ്, ടിലിയോ, സ്പോട്ടിഫൈ, സ്ട്രൈപ്പ് തുടങ്ങിയ പ്രധാന കമ്പനികൾ ഫൗണ്ടേഴ്സ് ഫണ്ടിൻറെ നിക്ഷേപ പട്ടികയിലുണ്ട്.

മൈക്രോസോഫ്റ്റിൻറെ വെഞ്ചർ ക്യാപിറ്റൽ വിഭാഗമായ എം12-ൽ നിന്നും കമ്പനിക്ക് ഫണ്ടിംഗ് ലഭിച്ചിട്ടുണ്ട്.

# പോത്തുണ്ടി സജിത കൊലക്കേസ്: ചെന്താമര കുറ്റക്കാരൻ, ശിക്ഷ വ്യാഴാഴ്ച

പാലക്കാട്: നെന്മാറ പോത്തുണ്ടി തിരുത്തംപാടത്ത് സജിതയെ (35) വെട്ടിക്കൊലപ്പെടുത്തിയ കേസിൽ കൊടുംകുറ്റവാളി ചെന്താമര കുറ്റക്കാരനെന്ന് കോടതി. പാലക്കാട് നാലാം അഡീഷണൽ ജില്ലാ കോടതിയാണ് വിധി പറയുന്നത്.

ചെന്താമരയ്ക്കെതിരേ ചുമത്തിയ കൊലക്കുറ്റം അടക്കമുള്ള കുറ്റങ്ങളെല്ലാം തെളിഞ്ഞു. മറ്റന്നാളായിരിക്കും കേസിൽ ശിക്ഷാ വിധി പ്രഖ്യാപിക്കുക. വിധി കേൾക്കാൻ സജിതയുടെ മക്കളായ അതുല്യയും അഖിലയും കോടതിയിലെത്തിയിരുന്നു.

ആറുവർഷങ്ങൾക്ക് ശേഷമാണ് വിചാരണ നടപടികൾ പൂർത്തിയാക്കി കോടതി വിധി പറയുന്നത്. ഈ കേസിൽ ജാമ്യത്തിലിറങ്ങിയാണ് ചെന്താമര സജിതയുടെ ഭർത്താവ് സുധാകരനെയും അമ്മ ലക്ഷ്മിയേയും കൊലപ്പെടുത്തിയത്.

2019 ഓഗസ്റ്റ് 31 നായിരുന്നു നാടിനെ നടുക്കിയ കൊലപാതകം. താനും ഭാര്യയും പിരിയാൻ കാരണം ഭാര്യയുടെ അടുത്ത സുഹൃത്തായ സജിതയാണെന്ന് വിശ്വസിച്ച ചെന്താമര, സജിതയെ വീട്ടിൽ കയറി വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു.

ഇരുവരും കൂടോത്രം നടത്തിയതാണ് ഭാര്യ തന്നിൽ നിന്ന് അകലാൻ കാരണമെന്നും ഇയാൾ വിശ്വസിച്ചു. ഇതിന്റെ വൈരാഗ്യത്തിലായിരുന്നു സജിതയെ ചെന്താമര കൊലപ്പെടുത്തിയത്. ഈ കേസിൽ ജാമ്യത്തിൽ ഇറങ്ങിയായിരുന്നു സുധാകരനേയും ലക്ഷ്മിയേയും ചെന്താമര കൊന്നത്.

ആറു വർഷങ്ങൾക്കു ശേഷമാണ് വിചാരണ നടപടികൾ പൂർത്തിയാക്കി കോടതി വിധി പറയുന്നത്. മൂന്നു മാസം കൊണ്ട് അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചെങ്കിലും ശാസ്ത്രീയ തെളിവുകൾ ഹാജരാക്കാനാവാതെ വന്നതോടെ വിചാരണ നീണ്ടു.

കേസിൽ 68 സാക്ഷികളാണ് ഉണ്ടായിരുന്നത്. ഇതിൽ പ്രതി ചെന്താമരയുടെ ഭാര്യ, സഹോദരൻ, കൊല്ലപ്പെട്ട സജിതയുടെ മകൾ ഉൾപ്പെടെ 44 പേരെ പ്രോസിക്യൂഷൻ സാക്ഷികളായി വിസ്തരിച്ചു. വിധി വരുന്നതോടൊപ്പം നെന്മാറ ഇരട്ട ക്കൊലപാതകക്കേസിന്റെ വിചാരണ നടപടികൾ ആരംഭിക്കാനും ആലോചനയുണ്ട്.

ഇതിനിടെ, ചെന്താമരയുടെ ഭീഷണി കാരണം പ്രധാനസാക്ഷി നാടുവിട്ടു. പോത്തുണ്ടി സ്വദേശി പുഷ്പ തമിഴ്നാട്ടിലാണ് ഇപ്പോൾ താമസം. ചെന്താമര പലതവണ ഭീഷണി മുഴക്കിയെന്നും ജീവനു ഭീഷണിയുണ്ടെന്നും പുഷ്പയുടെ മക്കൾ പറഞ്ഞു. സജിതയുടെ വീട്ടിൽ നിന്ന് കൊലയ്ക്ക് ശേഷം ചെന്താമര വരുന്നത് പുഷ്പ കണ്ടിരുന്നു.

# അർധസെഞ്ചുറിയുമായി രാഹുൽ, വിൻഡീസിനെ ഏഴുവിക്കറ്റിന് തകർത്തു, പരമ്പര തൂത്തുവാരി ഇന്ത്യ

ന്യൂഡൽഹി: വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഏഴുവിക്കറ്റ് വിജയം. വിൻഡീസ് ഉയർത്തിയ 121 റൺസ് വിജയലക്ഷ്യം മൂന്നുവിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. ഇതോടെ, രണ്ടു മത്സരങ്ങളുടെ പരമ്പര ഇന്ത്യ തൂത്തുവാരി. ക്യാപ്റ്റനായശേഷം ശുഭ്മാൻ ഗില്ലിന്റെ നേതൃത്വത്തിൽ ഇന്ത്യ നേടുന്ന ആദ്യ ടെസ്റ്റ് പരമ്പരയാണിത്.58 റൺസുമായി പുറത്താകാതെ നിന്ന കെ.എൽ. രാഹുലാണ് ഇന്ത്യയുടെ വിജയം അനായാസമാക്കിയത്. സായ് സുദർശന്റെയും ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെയും വിക്കറ്റുകളാണ് ഇന്ത്യക്ക് അവസാന ദിനം നഷ്ടമായത്. ആറു റൺസുമായി ധ്രുവ് ജുറെൽ പുറത്താകാതെ നിന്നു. സ്കോർ: ഇന്ത്യ- 518-5, 124-3, വെസ്റ്റ് ഇൻഡീസ്- 248, 390.

അവസാന ദിനം ഒരു വിക്കറ്റ് നഷ്ടത്തിൽ 63 റൺസെന്ന നിലയിൽ ക്രീസിലിറങ്ങിയ ഇന്ത്യയ്ക്ക് ജയത്തിലേക്ക് 58 റൺസ് കൂടിയായിരുന്നു വേണ്ടിയിരുന്നത്. സ്കോർ 88ൽ നിൽക്കെ സായ് സുദർശൻ റോസ്റ്റൺ ചേസിന്റെ പന്തിൽ ഷായ് ഹോപ്പിന് പിടികൊടുത്ത് മടങ്ങി.

പിന്നാലെയെത്തിയ ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ ഒരു ഫോറും ഒരു സിക്സും അടിച്ച് തുടങ്ങിയെങ്കിലും 13 റൺസുമായി ജസ്റ്റിൻ ഗ്രീവ്സിന് വിക്കറ്റ് നല്കി മടങ്ങി. പിന്നീടെത്തിയ ധ്രുവ് ജുറെലിനെ കൂട്ടുപിടിച്ച് രാഹുൽ ഇന്ത്യയെ വിജയത്തിലെത്തിക്കുകയായിരുന്നു.

# ശനിയാഴ്ച വരെ മഴ ശക്തമാകും, ഒപ്പം ഇടിമിന്നലും കാറ്റും; എട്ടു ജില്ലകളിൽയെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നു മുതൽ ശനിയാഴ്ച വരെ ഇടിമിന്നലോടുകൂടിയ മഴയ്ക്കും 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യത.

വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ യെല്ലോ അലർട്ടാണ്.

അതേസമയം, ബുധനാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും വ്യാഴം, വെള്ളി ദിവസങ്ങളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലും ശനിയാഴ്ച പത്തനംതിട്ട, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.വരുംമണിക്കൂറുകളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും; മറ്റെല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച മുതൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ബുധനാഴ്ച മുതൽ ശനിയാഴ്ച വരെ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ശനിയാഴ്ച വരെ തെക്കൻ തമിഴ്നാട് തീരം, കന്യാകുമാരി പ്രദേശം, ഗൾഫ് ഓഫ് മന്നാർ, മാലദീപ് പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# പാലിയേക്കരയിലെ ടോൾ വിലക്ക് തുടരും; സ്ഥലം സന്ദർശിക്കാൻ കളക്ടർക്ക് നിർദേശം, അന്തിമ വിധി വെള്ളിയാഴ്ച

കൊച്ചി: ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിൽ പാലിയേക്കരയിലെ ടോൾ പിരിവ് വിലക്ക് തുടരും. ടോൾ പിരിവ് പുനഃരാരംഭിക്കുന്നതിൽ വെള്ളിയാഴ്ച ഉത്തരവിറക്കാമെന്ന് ഹൈക്കോടതി വ്യക്തമാക്കി.ഗതാഗതക്കുരുക്ക് തുടരുകയാണെന്ന കളക്ടറുടെ റിപ്പോർട്ട് പരിഗണിച്ചാണ് ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, ഹരിശങ്കർ വി. മേനോൻ എന്നിവരുടെ ബെഞ്ച് ടോൾ പിരിവ് നിരോധനം നീട്ടിയത്.ടോൾ പിരിവ് താത്കാലികമായി നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുള്ള ദേശീയ പാതാ അതോറിറ്റിയുടെ ഹർജി പരിഗണിക്കവേയാണ് കോടതി ഇക്കാര്യം അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഓൺലൈനായി ഹാജരായ തൃശൂർ കളക്ടറോട് ഇന്ന് തന്നെ സ്ഥലം സന്ദർശിച്ച് പരിശോധിക്കാനും കോടതി നിർദേശം നൽകി.

കളക്ടറോട് നിലവിലെ റോഡിന്റെ അവസ്ഥയെക്കുറിച്ച് കോടതി വിവരം തേടി. 60 കിലോമീറ്റർ ടോൾ പിരിക്കുന്ന ദൂരത്തിൽ മൂന്നോ നാലോ ഇടങ്ങളിൽ മാത്രമാണ് പ്രശ്നമെന്നാണ് എജി ഹൈക്കോടതിയെ അറിയിച്ചത്. എന്നാൽ, എവിടെയൊക്കെയാണ് പ്രശ്നമെന്ന് കോടതി കളക്ടറോട് ചോദിച്ചു. അഞ്ചു കിലോമീറ്റർ ദൂരത്തിലാണ് പ്രശ്നമെന്ന് കളക്ടർ മറുപടി നൽകി.

ഈ റോഡിലൂടെ സഞ്ചരിച്ചാൽ പ്രശ്നങ്ങൾ മനസിലാകുമെന്നും ഇവിടെ ഇരിക്കുന്ന എല്ലാവർക്കും അത് വ്യക്തമായി അറിയാമെന്നും ഹൈക്കോടതി എജിക്ക് മറുപടി നൽകി. സുഗമമായ ഗതാഗതം ഉറപ്പാക്കിയശേഷമേ ടോൾ പിരിക്കാവുവെന്ന സുപ്രീംകോടതി ഉത്തരവും ഹൈക്കോടതി ചൂണ്ടിക്കാട്ടി.

# രഞ്ജി ട്രോഫി പോരാട്ടങ്ങൾ ബുധനാഴ്ച മുതൽ; കേരളത്തിന്റെ എതിരാളികൾ മഹാരാഷ്ട്ര

തിരുവനന്തപുരം: രഞ്ജി ട്രോഫി ക്രിക്കറ്റ് 2025-26 സീസണിന് ബുധനാഴ്ച തുടക്കം.

നിലവിലെ ഫൈനലിസ്റ്റുകളായ കേരളം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ മഹാരാഷ്ട്രയെ നേരിടും. രാവിലെ 9.30 മുതലാണ് മത്സരം.

2024-25 സീസണിൽ ചരിത്രത്തിൽ ആദ്യമായി ഫൈനൽ കളിച്ചതിന്റെ ആവേശത്തോടെയാണ് പുതിയ സീസണിനു തുടക്കം കുറിക്കാൻ കേരളം ഇറങ്ങുന്നത്. സൂപ്പർ താരം സഞ്ജു സാംസൺ മടങ്ങി എത്തിയതും പുതിയ ക്യാപ്റ്റൻ മുഹമ്മദ് അസ്ഹറുദ്ദീന്റെ നേതൃപാടവവും യുവതാരങ്ങളുടെ സാന്നിധ്യവുമാണ് ഇത്തവണ കേരളത്തിന്റെ പ്ലസ് പോയിൻറുകൾ. മത്സരം ജിയോഹോട്ട്സ്റ്റാറിൽ തത്സമയം.

രഞ്ജി ട്രോഫി ചരിത്രത്തിലെ ഏറ്റവും മികച്ച സീസണിന്റെ (202425) ഓർമകളിൽനിന്ന് ഊർജം ഉൾക്കൊണ്ടാണ് കേരളം ഇറങ്ങുന്നത്. ഒരു മത്സരത്തിൽ പോലും തോൽവി വഴങ്ങാതെയായിരുന്നു 2024-25 സീസണിൽ കേരളം ഫൈനലിൽ എത്തിയത്.

ആദ്യ ഇന്നിംഗ്സിൽ ലീഡ് നേടിയതിന്റെ ബലത്തിലായിരുന്നു കേരളത്തെ ഫൈനലിൽ വിദർഭ മറികടന്നതെന്നതും ശ്രദ്ധേയം.

കർണാടക, പഞ്ചാബ്, ഹരിയാന, മധ്യപ്രദേശ് എന്നീ കരുത്തുറ്റ ടീമുകൾക്കൊപ്പമായിരുന്ന കേരളം, രണ്ടാം സ്ഥാനക്കാരായാണ് നോക്കൗട്ടിലെത്തിയത്.

## സ്പോട്ട് അലോട്ട മെന്റ്

2025 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ പ്രവേശനത്തിന് 2025-26 വർഷത്തെ പ്രവേശനത്തിന് നടന്ന റഗുലർ അലോട്ട്മെന്റുകൾക്കുശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുവേണ്ടിയുള്ള സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 16 ന് എൽ.ബി.എസ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നടത്തും. www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ രാവിലെ 11 മണിക്കകം എൽ.ബി.എസിന്റെ ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ടോക്കൺ ഫീസ് അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്. സീറ്റുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712560361,

# പേരാമ്പ്ര സംഘർഷം: സ്ഫോടകവസ്തു എറിഞ്ഞതാര് പരിശോധനയുമായി ഫോറൻസിക് വിദഗ്ധരും

പേരാമ്പ്ര (കോഴിക്കോട്): യുഡിഎഫ്- എൽഡിഎഫ് സംഘർഷവുമായി ബന്ധപ്പെട്ട് സ്ഫോടക വസ്തു എറിഞ്ഞതുമായി ബന്ധപ്പെട്ട് ആരോപണ പ്രത്യാരോപണങ്ങൾ തുടരുന്നതിനിടെ സംഭവസ്ഥലത്ത് പരിശോധനയുമായി ഫോറൻസിക് വിദഗ്ധരും.ഒക്ടോബർ 10ന് വൈകുന്നേരം നടന്ന യുഡിഎഫ് പ്രകടനം പോലീസ് തടഞ്ഞതോടെ ഉടലെടുത്ത സംഘർഷാവസ്ഥ ഉടലെടുത്ത സ്ഥലത്ത് പുറകിൽ നിന്ന് ആരോ സ്ഫോടക വസ്തു എറിഞ്ഞതായുള്ള സിപിഎം ആരോപണം നിലനിൽക്കുന്ന സാഹചര്യത്തിലാണ് പരിശോധന.ഇവിടെ വെച്ച് ഷാഫി പറമ്പിൽ എംപി ക്ക് പോലീസ് ലാത്തിചാർജിൽ മൂക്കിന് പരുക്കേൽക്കുകയും ചെയ്തിരുന്നു. പോലീസിന് നേരെ സ്ഫോടക വസ്തു അക്രമണം യുഡിഎഫ് പ്രവർത്തകർക്കിടയിൽ നിന്നാണ് ഉണ്ടായത് എന്നാണ് ആരോപണം. സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

പ്രതിഷേധ മാർച്ച് തടയുകയും സ്ഫോടക വസ്തു എറിഞ്ഞതായി പറയപ്പെടുകയും കണ്ണീർ വാതകവും ഗ്രനേഡ് പ്രയോഗിക്കുകയും ചെയ്ത മെയിൻ റോഡിലെ ചേനോളി റോഡ് ജംഗ്ഷന് സമീപമാണ് ഇന്നലെ ഫോറൻസിക് പരിശോധന നടത്തിയത്. കോഴിക്കോട് റൂറൽ പോലീസ് സുപ്രണ്ടിന് കീഴിലുള്ള ഫോറൻസിക് വിഭാഗമാണ് പരിശോധന നടത്തിയത്.

പേരാമ്പ്ര ഡിവൈഎസ്പി എൻ. സുനിൽകുമാർ, കേസ് അന്വേഷിക്കുന്ന പേരാമ്പ്ര പോലീസ് ഇൻസ്പക്ടർ പി. ജംഷീദ് എന്നിവരുടെ മേൽനോട്ടത്തിലാണ് പരിശോധന. സികെജി കോളജ് യൂണിയൻ തെരഞ്ഞെടുപ്പ് വിജയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് അനിഷ്ട സംഭവങ്ങൾ ഉണ്ടായി. തുടർന്ന് ഹർത്താലും, പഞ്ചായത്ത് ഓഫീസിൽ സംഘർഷാവസ്ഥയുമുണ്ടായി. ഇരു മുന്നണികൾ പ്രതിഷേധ പ്രകടനങ്ങളും തുടർന്ന് പോലീസ് കണ്ണീർ വാതകവും ഗ്രനേഡും പ്രയോഗിക്കേണ്ടി വന്നിരുന്നു.




**ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ ഒക്ടോബർ 13 മുതൽ 17 വരെ നടക്കുന്ന ജൈടെക്സ് ഗ്ലോബൽ 2025 ൻറെ ഭാഗമായി ഗ്ലോബൽ ഡെവ്സ്ലാമിലെ കേരള ഐടി പവലിയൻ സംസ്ഥാന ഇലക്ട്രോണിക്സ്- ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു ഉദ്ഘാടനം ചെയ്യുന്നു. ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.), കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ജിടെക് സിഇഒ ടോണി ഈപ്പൻ, കേരളത്തിൽ നിന്നുള്ള 28 പ്രമുഖ ഐടി കമ്പനികളുടെ മുതിർന്ന പ്രതിനിധികൾ എന്നിവർ സമീപം.**

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# എസ്.എം.ടി.എഫിന്റെ കലാസാഹിത്യ സമിതി 'സംസ്ക്കാര'ക്കു തുടക്കം കുറിച്ചു

തിരുവനന്തപുരം: സ്വതന്ത്ര മത്സ്യ തൊഴിലാളി ഫെഡറേഷൻ (SMTF) യുടെ കലാ-സാഹിത്യ-സാംസ്കാരിക വിഭാഗമായ 'സംസ്ക്കാര'യുടെ പ്രഖ്യാപനം ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് ശ്രീ. പി. സ്റ്റെല്ലസ് നടത്തി.

ഫെഡറേഷൻ സ്റ്റേറ്റ് ചീഫ് കോഓർഡിനേറ്റർ ഡോ. എഫ്.എം. ലാസർ (Disabiltiy Rights Advocate) അധ്യക്ഷത വഹിച്ചു.

ഉപവിഭാഗത്തിന്റെ ചെയർമാനായി ആർട്ടിസ്റ്റ് ഡഗ്ളസ് വി. ഹരിഹരപുരത്തെ, കൺവീനർമാരായി ശ്രീമതി മരിയക്കുട്ടി ജസ്റ്റിനെയും ജോയ് എം. സക്കറിയയെയും നിയോഗിച്ചു.



തീരദേശവും ഉള്നാടൻ മേഖലയുമുള്ള മത്സ്യ തൊഴിലാളി സമൂഹത്തിലെ കലാ സാംസ്കാരിക പാരമ്പര്യങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും, പുതുതലമുറയിൽ സൃഷ്ടി ബോധം വളർത്തുകയും ചെയ്യുക എന്നതാണ് 'സംസ്ക്കാര'യുടെ ലക്ഷ്യം.

സംഘം ആരംഭിക്കുന്ന ആദ്യഘട്ട പ്രവർത്തനങ്ങളായി തീരദേശ കലാകാരന്മാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന 'കലാസംഗമം', സാംസ്കാരിക പഠന ക്യാമ്പുകൾ, മത്സ്യത്തൊഴിലാളികളുടെ ജീവിതാനുഭവങ്ങളെ ആസ്പദമാക്കിയ ഡോക്യുമെന്ററികൾ എന്നിവ ഉൾപ്പെടുത്തി.

തീരദേശ മേഖലകളിലെ ഫെഡറേഷൻ യൂണിറ്റുകളുമായി സഹകരിച്ച് ഈ പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം അടുത്ത മാസം തിരുവനന്തപുരത്ത് നടക്കുമെന്ന് ക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# 'ഒന്നും പറയാനില്ല': കോടതി മുറിയിലും കൂസലില്ലാതെ ചെന്താമര

പാലക്കാട്: പോത്തുണ്ടി സജിത കൊലക്കേസിൽ കുറ്റക്കാരനെന്ന് പാലക്കാട് അഡീഷണൽ സെഷൻസ് കോടതി വിധിക്കുമ്പോഴും തെല്ലും കൂസാതെ നിസംഗനായി കേട്ടുനില്ക്കുകയായിരുന്നു ചെന്താമര എന്ന കൊടുംകുറ്റവാളി.

എന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ എന്ന കോടതിയുടെ ചോദ്യത്തിനും ഒന്നുമില്ലെന്നായിരുന്നു ചെന്താമരയുടെ പ്രതികരണം. കോടതി മുറിയിൽ നിന്നു പുറത്തിറങ്ങവെ എന്തെങ്കിലും പറയാനുണ്ടോ, കുറ്റബോധമുണ്ടോ എന്ന് മാധ്യമപ്രവർത്തകർ ആവർത്തിച്ച് ചോദിച്ചെങ്കിലും പ്രതികരിക്കാൻ ഇയാൾ തയാറായില്ല.

ചെന്താമരയ്ക്കെതിരേ ചുമത്തിയ കൊലക്കുറ്റം അടക്കമുള്ള കുറ്റങ്ങളെല്ലാം തെളിഞ്ഞു. മറ്റന്നാളായിരിക്കും കേസിൽ ശിക്ഷാ വിധി പ്രഖ്യാപിക്കുക. വിധി കേൾക്കാൻ സജിതയുടെ മക്കളായ അതുല്യയും അഖിലയും കോടതിയിലെത്തിയിരുന്നു.

ആറുവർഷങ്ങൾക്ക് ശേഷമാണ് വിചാരണ നടപടികൾ പൂർത്തിയാക്കി കോടതി വിധി പറയുന്നത്. ഈ കേസിൽ ജാമ്യത്തിലിറങ്ങിയാണ് ചെന്താമര സജിതയുടെ ഭർത്താവ് സുധാകരനെയും അമ്മ ലക്ഷ്മിയേയും കൊലപ്പെടുത്തിയത്.

2019 ഓഗസ്റ്റ് 31 നായിരുന്നു നാടിനെ നടുക്കിയ കൊലപാതകം. താനും ഭാര്യയും പിരിയാൻ കാരണം ഭാര്യയുടെ അടുത്ത സുഹൃത്തായ സജിതയാണെന്ന് വിശ്വസിച്ച ചെന്താമര, സജിതയെ വീട്ടിൽ കയറി വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു.

ഇരുവരും കൂടോത്രം നടത്തിയതാണ് ഭാര്യ തന്നിൽ നിന്ന് അകലാൻ കാരണമെന്നും ഇയാൾ വിശ്വസിച്ചു. ഇതിന്റെ വൈരാഗ്യത്തിലായിരുന്നു സജിതയെ ചെന്താമര കൊലപ്പെടുത്തിയത്. ഈ കേസിൽ ജാമ്യത്തിൽ ഇറങ്ങിയായിരുന്നു സുധാകരനേയും ലക്ഷ്മിയേയും ചെന്താമര കൊന്നത്.

ആറു വർഷങ്ങൾക്കു ശേഷമാണ് വിചാരണ നടപടികൾ പൂർത്തിയാക്കി കോടതി വിധി പറയുന്നത്. മൂന്നു മാസം കൊണ്ട് അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചെങ്കിലും ശാസ്ത്രീയ തെളിവുകൾ ഹാജരാക്കാനാവാതെ വന്നതോടെ വിചാരണ നീണ്ടു.

കേസിൽ 68 സാക്ഷികളാണ് ഉണ്ടായിരുന്നത്. ഇതിൽ പ്രതി ചെന്താമരയുടെ ഭാര്യ, സഹോദരൻ, കൊല്ലപ്പെട്ട സജിതയുടെ മകൾ ഉൾപ്പെടെ 44 പേരെ പ്രോസിക്യൂഷൻ സാക്ഷികളായി വിസ്തരിച്ചു. വിധി വരുന്നതോടൊപ്പം നെന്മാറ ഇരട്ടക്കൊലപാതകക്കേസിന്റെ വിചാരണ നടപടികൾ ആരംഭിക്കാനും ആലോചനയുണ്ട്.

ഇതിനിടെ, ചെന്താമരയുടെ ഭീഷണി കാരണം പ്രധാനസാക്ഷി നാടുവിട്ടു. പോത്തുണ്ടി സ്വദേശി പുഷ്പ തമിഴ്നാട്ടിലാണ് ഇപ്പോൾ താമസം. ചെന്താമര പലതവണ ഭീഷണി മുഴക്കിയെന്നും ജീവനു ഭീഷണിയുണ്ടെന്നും പുഷ്പയുടെ മക്കൾ പറഞ്ഞു. സജിതയുടെ വീട്ടിൽ നിന്ന് കൊലയ്ക്ക് ശേഷം ചെന്താമര വരുന്നത് പുഷ്പ കണ്ടിരുന്നു.

# അയ്യപ്പസംഗമത്തിന് എട്ടുകോടി ചെലവ്: ഇതെന്ത് വെള്ളരിക്കാപട്ടണമോ – ചെന്നിത്തല

തിരുവനന്തപുരം: ആഗോള അയ്യപ്പസംഗമത്തിന് ചെലവായി എന്നു പറയുന്ന എട്ടുകോടി രൂപ കമ്മിഷൻ കൂടി ചേർത്ത തുകയാണെന്നും ചെലവിന്റെ വിശദാംശങ്ങൾ അടിയന്തരമായി പുറത്തുവിടണമെന്നും കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

നടത്തിയ ഒറ്റ ദിവസത്തെ ഒരു പരിപാടിക്ക് എട്ടുകോടി രൂപ ചെലവായതിന്റെ ലോജിക്ക് പിടികിട്ടുന്നില്ല. ഇതിന്റെ വിശദാംശങ്ങൾ പുറത്തുവിടണം. ഇത്ര ഭീമമായ തുക ഒറ്റദിവസം കൊണ്ട് ചെലവഴിക്കാൻ ഇത് വെള്ളരിക്ക പട്ടണമാണോ ഏതൊക്കെ ഇനത്തിലാണ് ഈ പറയുന്ന എട്ടു കോടി ചിലവായത് എന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഇതിൽ ഭൂരിപക്ഷവും വേണ്ടപ്പെട്ടവർക്കുള്ള കമ്മീഷനാണ്. ഇത് അടിമുടി കമ്മീഷൻ സർക്കാരാണെന്നും ചെന്നിത്തല ആരോപിച്ചു.

അയ്യപ്പസംഗമത്തിന്റെ ചെലവ് സ്പോൺസർമാരിൽ നിന്നു കണ്ടെത്തുമെന്നാണ് സർക്കാർ അറിയിച്ചിരുന്നത്. എന്നാൽ ഇതുവരെ സ്പോൺസർമാരിൽ നിന്ന് എത്ര തുക കിട്ടി എന്നും ഏതൊക്കെ സ്പോൺസർമാരാണ് പണം നൽകിയതെന്നും വ്യക്തമാക്കണം. ഇതുവരെ നാലു കോടിയോളം രൂപ പദ്ധതിനടത്തിപ്പിന്റെ ബിൽ ഇനത്തിൽ മാറിയതായി മനസിലാക്കാൻ കഴിഞ്ഞു.

ഇതെല്ലാം പോയിരിക്കുന്നത് ദേവസ്വം ബോർഡിന്റെ വർക്കിങ് ഫണ്ടിൽ നിന്നാണ്. സ്പോൺസർമാർ തുക നൽകുന്നുണ്ടെങ്കിൽ പിന്നെ എന്തിനാണ് ദേവസ്വം ബോർഡിന്റെ ഫണ്ടിൽ നിന്ന് ഈ തുക ചിലവാക്കിയിരിക്കുന്നത്. ആരാണ് ഈ പൊളിഞ്ഞുപോയ പരിപാടിക്ക് എട്ടു കോടി നൽകുന്ന സ്പോൺസർമാർ കോട്ടയത്തെയും കുമരകത്തെയും നക്ഷത്രഹോട്ടലുകൾക്ക് ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും ലക്ഷക്കണക്കിന് രൂപയുടെ അഡ്വാൻസ് നൽകിയത് മാധ്യമങ്ങൾ പുറത്തു കൊണ്ടുവന്നിരുന്നു. ആരൊക്കെയാണ് ഈ നക്ഷത്രഹോട്ടലുകളിൽ താമസിച്ച വിവിഐപി അതിഥികൾ അവരുടെ പേരുവിവരങ്ങളും പുറത്തു വിടണം.

വിദേശത്തു നിന്നും വൻതോതിൽ പ്രതിനിധികൾ എത്തുമെന്നായിരുന്നു സർക്കാരിന്റെ അവകാശവാദം. എന്നാൽ അവിടെ നിന്നും കാര്യമായി ആരും എത്തിയില്ല. നാലായാരം അതിഥികൾക്കുണ്ടാക്കിയ ഭക്ഷണം വെട്ടിമൂടേണ്ടി വന്നു.

കാര്യമായി ആരും പങ്കെടുക്കാതെ ഒഴിഞ്ഞ കസേരയ്ക്കു മുന്നിൽ നടത്തിയ ഈ ഒറ്റ ദിവസത്തെ പരിപാടിക്ക് എങ്ങനെയാണ് എട്ടുകോടി രൂപയുടെ ചിലവ് വന്നതെന്നു സർക്കാർ വ്യക്തമാക്കിയേ പറ്റു. ഇതിൽ കമ്മിഷൻ പറ്റിയവരുടെ വിശദാംശങ്ങൾ പുറത്തു വിടണം.

ദേവസ്വം ബോർഡ് കറവപ്പശുവല്ല. വിശ്വാസികളുടെ കാണിക്കയാണ് ദേവസ്വം ബോർഡിന്റെ വരുമാനം. അതിന്റെ എല്ലാ ഫണ്ടിലും കയ്യിട്ടു വാരാൻ കേരളത്തിലെ വിശ്വാസി സമൂഹം അനുവദിക്കില്ലെന്നും ചെന്നിത്തല വ്യക്തമാക്കി.



റവന്യൂ സെക്രട്ടറിയേറ്റിന്റെ 150-ാമത് യോഗം മന്ത്രി കെ രാജന്റെ അധ്യക്ഷതയിൽ ചേരുന്നു

# റവന്യൂ സെക്രട്ടറിയറ്റ്@150 സമാനതകളില്ലാത്ത മാതൃക

ഒട്ടേറെ സങ്കീർണമായ വിഷയങ്ങൾ കൈകാര്യം ചെയ്യുകയും ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുകയും ചെയ്യുന്ന റവന്യൂ വകുപ്പിനെ കഴിഞ്ഞ നാലര വർഷക്കാലം ജനാഭിമുഖ്യ തീരുമാനങ്ങളെടുത്തും നടപ്പാക്കുന്നതിൽ നേതൃത്വം നൽകുകയും ചെയ്ത റവന്യൂ സെക്രട്ടറിയറ്റ് ഇന്ന് (14.1025) 150 യോഗങ്ങൾ പൂർത്തിയാക്കി. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ റവന്യു വകുപ്പ് കഴിഞ്ഞ കാലങ്ങളിൽ നിന്നും ഏറെ മുന്നോട്ട് പോയിക്കഴിഞ്ഞു.

വകുപ്പിന്റെ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ആധാരമായ നിയമ നടപടിക്രമങ്ങളുടെ സങ്കീർണ്ണത മൂലം പൊതുജനങ്ങളിൽ നിന്നും ഏറ്റവുമധികം വിമർശനങ്ങളും നേരിടേണ്ടി വരുന്ന റവന്യൂ വകുപ്പിലെ അതിസങ്കീർണമായ പല നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് നിയമ ഭേദഗതികളും ചട്ടങ്ങൾ പരിഷ്കരിക്കുകയും ചെയ്തു. ഭൂപതിവ് നിയമ ഭേദഗതിയും ചട്ട ഭേദഗതിയും ഉൾപ്പെടെ വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും എട്ട് ഭേദഗതികൾ കൊണ്ടുവന്നു. മൂന്ന് ഭേദഗതികളുടെ ശിപാർശകൾ അന്തിമ ഘട്ടത്തിലാണ്.

നാലര വർഷക്കാലയളവിൽ 223945 പട്ടയങ്ങൾ വിതരണം ചെയ്യാനായ നേട്ടങ്ങൾക്ക് പിന്നിലും റവന്യു സെക്രട്ടറിയറ്റിന്റെ തീരുമാനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വലിയ പ്രചോദനമായി. സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണത്തിലും നേട്ടം കൈവരിക്കാനായതും റവന്യു സെക്രട്ടറിയറ്റിലെ തീരുമാനങ്ങളുടെ ഫലമാണ്. റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മന്ത്രി ചുമതല വഹിക്കുന്ന വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും മേധാവികൾ അടങ്ങുന്നതാണ് റവന്യൂ സെക്രട്ടറിയറ്റിന്റെ ഘടന.

റവന്യൂ വകുപ്പ് സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മിഷണർ, സർവെ ഡയറക്ടർ, ലാൻഡ് ബോർഡ് സെക്രട്ടറി, ഐഎൽഡിഎം ഡയറക്ടർ, ഹൗസിംഗ് കമ്മീഷണർ, സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ എന്നിവർ അടങ്ങുന്നതാണ് റവന്യു സെക്രട്ടറിയറ്റ് സംവിധാനം.ഓരോ ആഴ്ചയിലും കൂടുന്ന റവന്യു സെക്രട്ടറിയറ്റ് യോഗത്തിൽ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അടുത്ത യോഗത്തിൽ അവതരിപ്പിക്കുകയും വിശകലനം ചെയ്തു കൊണ്ടുമാണ് പുതിയ അജണ്ടകൾ യോഗം ചർച്ചക്ക് എടുക്കുന്നത്.

റവന്യു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലവും ജനാഭിമുഖ്യപരവും മാക്കുന്നതിന് രൂപവത്കരിച്ച സമാനകളില്ലാത്ത മാതൃകയാണ് റവന്യു സെക്രട്ടറിയറ്റ്. 2021 ജൂലൈ ഏഴിനാണ് ആദ്യ റവന്യൂ സെക്രട്ടറിയറ്റ് യോഗം ചേർന്നത്. സാധാരണ രീതിയിൽ മന്ത്രിസഭാ യോഗം പോലെ സ്ഥിരമായി എല്ലാ ആഴ്ചയിലും യോഗം ചേരാറാണ് പതിവ്. മുണ്ടക്കൈ ചൂരൽമല, കൂട്ടിക്കൽ തുടങ്ങി വലിയ പ്രകൃതി ദുരന്തങ്ങൾ നേരിട്ട അവസരങ്ങളിൽ മാത്രമാണ് യോഗം തുടർച്ചയായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളത്.ഇതുവരെ 366 അജണ്ടകൾ യോഗത്തിന്റെ പരിഗണനക്ക് വന്നു.

അതിൽ 306 അജണ്ടകൾ തീർപ്പാക്കി. 27 വിഷയങ്ങളിൽ നടപടികൾ തുടരുകയാണ്. ബാക്കിയുള്ളവ അതിസങ്കീർണ്ണവും ഗൗരവതരവുമായ കൂടുതൽ പരിശോധനകൾ ആവശ്യമുള്ള വിഷയങ്ങളാണ്.

ഒട്ടേറെ നൂലമാലകൾ മറികടന്ന് പുതിയ നിയമ നിർമ്മാണങ്ങളിലൂടെയും പട്ടയ മിഷൻ, ഡിജിറ്റൽ റീസർവെ, പ്രവർത്തനങ്ങളും ഓൺലൈൻ, ഇ-സേവനങ്ങളും റവന്യു വകുപ്പിന് നൽകുന്ന ആവേശം ചെറുതല്ലെന്നും ഇക്കാലയളവിൽ ജനങ്ങളിൽ നിന്നും ലഭിച്ച നിവേദനങ്ങളും പരാതികളും പഠന വിധേയമാക്കിയാൽ റവന്യു വകുപ്പിന്റെ പരിഷ്കാരത്തിനുള്ള അടിസ്ഥാന രേഖയാക്കാമെന്നും മന്ത്രി കെ രാജൻ അഭിപ്രായപ്പെട്ടു.

# സമ്പൂർണ അതിദാരിദ്ര്യ നിർമാർജന പ്രഖ്യാപനത്തിൽ കാൽ ലക്ഷം പൊതുജനങ്ങൾ പങ്കെടുക്കും: മന്ത്രി എം ബി രാജേഷ്

നവംബർ 1 ന് മുഖ്യമന്ത്രി കേരളത്തെ രാജ്യത്തെ ആദ്യ അതിദാരിദ്ര്യ നിർമാർജന സംസ്ഥാനമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ കാൽ ലക്ഷം പേർ പങ്കെടുക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രജേഷ് പറഞ്ഞു. തിരുവനന്തപുരം ശിക്ഷക് സദനിൽ ചേർന്ന അതിദാരിദ്ര്യ നിർമാർജന പ്രഖ്യാപന സംഘാടക സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.ചൈന കഴിഞ്ഞാൽ ഈ നേട്ടത്തിലെത്തുന്ന ആദ്യ പ്രദേശമാണ് കേരളം എന്ന പ്രത്യേകതയുമുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആദ്യ മന്ത്രിസഭയിലെ ആദ്യ യോഗതീരുമാനമായിരുന്നു അതിദാരിദ്ര്യ നിർമാർജനം. ഇതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ അവസ്ഥയുള്ള 66,006 കുടുംബങ്ങളെ കണ്ടെത്തി. ഈ അവസ്ഥക്ക് കാരണമായ ഘടകങ്ങൾ കണ്ടെത്തി ഒരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനുകൾ തയാറാക്കിയാണ് പരിഹാരം കണ്ടെത്തിയത്. ഭക്ഷണം, ആരോഗ്യം ഉപജീവനം ,വരുമാനം പാർപ്പിടം എന്നീ എല്ലാ സൗകര്യങ്ങളും ഉറപ്പുവരുത്തി. ഒറ്റ സർക്കാർ ഉത്തരവിലൂടെ അതിദാരിദ്ര്യ അവസ്ഥയിലുള്ളവരെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി. സ്ഥലമില്ലാത്തവർക്ക് ഭൂമി നൽകാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ആവശ്യമുള്ളവർക്ക് വാടകവീട് നൽകുകയും ചെയ്തു. ഒരു അംഗം മാത്രമുള്ളവർക്ക് ഷെൽട്ടർ ഹോമുകൾ സജ്ജീകരിച്ചു. ഭൂമി, വീട്, സ്കൂൾ കുട്ടികൾക്ക് സൗജന്യയാത്ര, പഠന സൗകര്യങ്ങൾ, റേഷൻ കാർഡ്, അവയവ മാറ്റത്തിനുള്ള സഹായം ഉൾപ്പെടെ എല്ലാ വകുപ്പുകളും സഹകരിച്ചാണ് ഈ നേട്ടത്തിലേക്ക് സംസ്ഥാനമെത്തിയത്. സമുചിതമായി ജനകീയാഘോഷമായി അതിദാരിദ്ര്യ നിർമാർജന പ്രഖ്യാപനം സംഘടിപ്പിക്കും.വൈകുന്നേരം 5 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ ഇന്ത്യയിൽ നിന്നും പുറത്തു നിന്നുമുള്ള വിശിഷ്ട വ്യക്തികൾ പങ്കെടുക്കും. ചരിത്ര നിമിഷത്തിൽ മുഴുവൻ മന്ത്രിമാരും ചടങ്ങിൽ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചു. സംഘാടക സമിതിയുടെ ചെയർമാനായി മന്ത്രി വി ശിവൻകുട്ടിയെയും മുഖ്യ രക്ഷാധികാരികളായി മന്ത്രിമാരായ എം ബി രാജേഷിനെയും ജി ആർ അനിലിനെയും യോഗം തീരുമാനിച്ചു. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, എം എൽ എമാരായ ആന്റണി രാജു,വി കെ പ്രശാന്ത്, ഡി കെ മുരളി, ഐ ബി സതീഷ്, മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ ഷർമിള മേരി ജോസഫ് എന്നിവർ സംബന്ധിച്ചു.

# മാനന്തവാടി പോലീസ് സ്റ്റേഷനിൽ പരാതിക്കാരനായെത്തി; അന്വേഷണത്തിൽ കണ്ണൂരിൽ മോഷണ കേസ് പ്രതി

വയനാട്: മാനന്തവാടി പോലീസ് സ്റ്റേഷനിൽ പണം നഷ്ടപ്പെട്ടെന്ന പരാതിയുമായെത്തിയ മോഷണ കേസ് പ്രതിയെ കണ്ണപുരം പോലീസിന് കൈമാറി. പരാതിയുമായെത്തിയ മാറ്റാൻകീൽ തായലേപുരയിൽ എം.ടി. ഷബീർ ആണ് പിടിയിലായത്.

പണം നഷ്ടപ്പെട്ടെന്നും കിടക്കാൻ ഇടം നൽകണമെന്നും ആവശ്യപ്പെട്ടാണ് ഇയാൾ മാനന്തവാടി പോലീസ് സ്റ്റേഷനിലെത്തിയത്. ഞായറാഴ്ച രാത്രിയാണ് സംഭവം. ഇയാളുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ ഉദ്യോഗസ്ഥർ വിശദമായി ചോദ്യം ചെയ്തു.തുടർന്ന് ആധാർ കാർഡ് പരിശോധിച്ച് ഇതിലെ മേൽവിലാസം പ്രകാരം കണ്ണപുരം സ്റ്റേഷനിലേക്ക് വിളിച്ച് അന്വേഷിക്കുകയുമായിരുന്നു. കണ്ണപുരത്ത് മോഷണ കേസിൽ പ്രതിയാണെന്നും സംഭവശേഷം ഒളിവിൽ പോയതാണെന്നും വിവരം ലഭിച്ചു.കണ്ണപുരത്ത് നിർമാണത്തിലിരിക്കുന്ന ബിൽഡിംഗിൽ അതിക്രമിച്ചു കയറി ഇലക്ട്രിക് സാമഗ്രികൾ മോഷണം നടത്തിയ കേസിലെ പ്രതിയാണ് ഷബീർ. തുടർന്ന് കസ്റ്റഡിയിലെടുത്ത പ്രതിയെ തിങ്കളാഴ്ച രാവിലെ കണ്ണപുരം പോലീസിന് കൈമാറി.

# മുഖ്യമന്ത്രിയുടെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന് ഇന്ന് തുടക്കം

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ബഹ്റൈൻ, ഒമാൻ, ഖത്തർ, യുഎഇ എന്നീ രാജ്യങ്ങളാണ് മുഖ്യമന്ത്രി സന്ദർശിക്കുക. ഇന്നു വൈകുന്നേരം യാത്രതിരിക്കുന്ന മുഖ്യമന്ത്രിയും സംഘവും ഡിസംബർ ഒന്ന് വരെ വിവിധ തീയതികളിൽ യാത്ര ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.മുഖ്യമന്ത്രിയെ കൂടാതെ മന്ത്രി സജി ചെറിയാനും പേഴ്സണൽ അസിസ്റ്റൻറ് വി.എം. സുനീഷിനുമാണ് ഔദ്യോഗിക യാത്രാനുമതി നൽകിയിരിക്കുന്നത്. അതേസമയം സൗദി സന്ദർശനത്തിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം അനുമതി നിഷേധിച്ചിരുന്നു. ബഹ്റൈൻ, ഒമാൻ, ഖത്തർ, യുഎഇ എന്നിവിടങ്ങളിൽ സന്ദർശിക്കുന്നതിന് നേരത്തെ തന്നെ അനുമതി ആയിരുന്നു.ഒക്ടോബർ 15 മുതൽ നവംബർ ഒൻപത് വരെയാണ് മുഖ്യമന്ത്രിയുടെ വിദേശ പര്യടനം. ബഹ്റൈനിൽ നിന്നാണ് മുഖ്യമന്ത്രിയുടെ പര്യടനം ആരംഭിക്കുക. വ്യാഴാഴ്ച ബഹ്റൈനിൽ പ്രവാസി മലയാളി സംഗമത്തോടെയാണ് പരിപാടികൾക്ക് തുടക്കമാകുന്നത്. പ്രവാസികൾക്കായി ഇടതു സർക്കാർ ചെയ്ത കാര്യങ്ങളും പുതിയ പദ്ധതികളും വിശദീകരിക്കുക, നോർക്ക, മലയാളം മിഷൻ പരിപാടികളിൽ പങ്കെടുക്കുക എന്നിവയാണ് സന്ദർശന ലക്ഷ്യം.അതിന് ശേഷം സൗദി യാത്ര തീരുമാനിച്ചെങ്കിലും അനുമതി നിഷേധിച്ചതിനെ തുടർന്ന് യാത്ര ഷെഡ്യൂളിലും മാറ്റം ഉണ്ടാകുമെന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിക്കുന്നത്.22ന് മസ്കറ്റിലെത്തുന്ന മുഖ്യമന്ത്രി 24 ന് പൊതുപരിപാടിയിൽ പങ്കെടുക്കും. 25ന് സലാലയിലെ പരിപാടിയിലും പങ്കെടുക്കും. അതിന് ശേഷം 26ന് കൊച്ചിയിലെത്തി 28ന് രാത്രി ഖത്തറിലേക്ക് പോകാനാണ് തീരുമാനം.30ന് ഖത്തറിലെ പരിപാടിക്ക് ശേഷം തിരുവനന്തപുരത്ത് മടങ്ങിയെത്തും. തുടർന്ന് നവംബർ അഞ്ചിന് കുവൈറ്റിലേക്ക് പോകും. കുവൈറ്റിലെ പരിപാടിക്ക് ശേഷം മുഖ്യമന്ത്രി അബുദാബിയിലെത്തും.

അബുദാബിയിലും മുഖ്യമന്ത്രി വിവിധ പരിപാടികളിൽ സംബന്ധിക്കും. അഞ്ചു ദിവസം മുഖ്യമന്ത്രി അബുദാബിയിൽ ഉണ്ടാകും.